# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 11 THE ONLINE OFFICIAL NEWS BULLETIN 2026 March 12


## SEASON OF THE GREAT LENT ✤ വലിയ നോമ്പുകാലം ✤ ܙܒܢܐ ܕܨܘܡܐ ܪܒܐ

| ܚܕܒܫܒܐ SUNDAY | ܬܪܝܢ ܒܫܒܐ MONDAY | ܬܠܬܐ ܒܫܒܐ TUESDAY | ܐܪܒܥܐ ܒܫܒܐ WEDNESDAY | ܚܡܫܐ ܒܫܒܐ THURSDAY | ܥܪܘܒܬܐ FRIDAY | ܫܒܬܐ SATURDAY |
|---|---|---|---|---|---|---|
| 15<br>5<br>Kfifto<br>(Crippled Woman)<br>5th Sunday of Great Lent | 16<br>1 | 17<br>5<br>64th Mem. of Paulose Mar Severios Metropolitan<br>(Kunnamkulam Arthat Puthen Palli) | 18<br>1 | 19<br>5<br>96th Mem. of Sleeba Mar Osthathios Metropolitan<br>(Kunnamkulam Arthat Puthen Palli) | 20<br>1 | 21<br>5 |




മഴയിൽ വീട് പൂർണമായും തകർന്നു ദുരിതത്തിലായ ചിറക്കര ഏറം തെക്ക് ചരുവിള പുത്തൻവീട്ടിൽ മോഹനന്റെ കുടുംബത്തിനു വീടു നിർമിക്കുന്നതിനു കൊട്ടാരക്കര എംജിഎം ഗ്രൂപ്പ് നൽകുന്ന തുകയുടെ ചെക്ക് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ കൈമാറുന്നു. മന്ത്രി കെ. എൻ. ബാലഗോപാൽ, സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി തുടങ്ങിയവർ സമീപം.



മലങ്കരസഭാ ആസ്ഥാനത്ത് വിശുദ്ധ മൂറോൻ കൂദാശക്കായുള്ള ഒരുക്കങ്ങൾ തുടങ്ങി. വിശുദ്ധ മൂറോൻ തയാറാക്കുന്ന പ്രത്യേക സ്ഥലത്തിന്റെ ശുദ്ധീകരണ ശുശ്രൂഷ പ. കാതോലിക്കാ ബാവാ നിർവ്വഹിച്ചു.



ചലനശേഷി നഷ്ടപ്പെട്ട മനുഷ്യർക്ക് മസ്കറ്റ് ഗാല സെന്റ് മേരിസ് യുവജനപ്രസ്ഥാനത്തിന്റെ സഹകരണത്തോടെ ഇലട്രിക്ക് വീൽചെയറുകൾ നൽകുന്ന ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ സ്നേഹയാനം പദ്ധതി കാർത്തികപ്പള്ളി സെന്റ് തോമസ് കത്തീഡ്രലിൽ രമേശ് ചെന്നിത്തല എം.എൽ.എ. ഉദ്ഘാടനം ചെയ്തു യുവജനപ്രസ്ഥാനം കേന്ദ്ര പ്രസിഡന്റ് ഗീവർഗീസ് മാർ യുലിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. കേരള മനുഷ്യാവകാശ കമ്മീഷൻ അണ്ടർ സെക്രട്ടറി ഷൈനി ജോർജ് വനിതാദിന സന്ദേശം നൽകി.





## സമാധാന സന്ദേശവുമായി പ്രത്യേക പ്രാർഥന നടത്തി

കോട്ടയം: പശ്ചിമേഷ്യയിൽ സമാധാന സന്ദേശവുമായി ഓർത്തഡോക്സ് സഭയുടെ മുഴുവൻ ദേവാലയങ്ങളിലും പ്രത്യേക പ്രാർത്ഥന നടത്തി. ഞായറാഴ്ച കുർബാനമധ്യേയായിരുന്നു പ്രാർത്ഥന. കോന്നി വട്ടക്കാവ് സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പ്രാർഥനയ്ക്കു നേതൃ ത്വം നൽകി. സഭയുടെ മെത്രാ പ്പൊലീത്തമാരും വൈദികരും വി വിധ ദേവാലയങ്ങളിൽ ലോകസ മാധാനത്തിനായുള്ള പ്രാർഥന യ്ക്കു നേതൃത്വം വഹിച്ചു.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

## നോമ്പുണർത്തൽ



# ഹൃദയത്തിൽ സ്ഥാപിക്കാം രക്ഷയുടെ കുരിശ്

### പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ


രക്ഷിതാവായ ക്രിസ്തുവിനൊപ്പം കാൽവരിയിലേക്കു നാം നടന്നു തുടങ്ങിയിട്ട് 25 ദിനങ്ങൾ. അനുതാപത്തിന്റെയും പ്രാർഥനയുടെയും ഉപവാസത്തിന്റെയും പാതിനോമ്പ് പിന്നിടുകയാണ്. തെറ്റുകൾ ഏറ്റു പറഞ്ഞും പരസ്പരം ക്ഷമ ചോദിച്ചുമാണു വലിയനോമ്പിലേക്കു പ്രവേശിച്ചത്. എത്ര നിറവോടെ നോമ്പ് ആചരിക്കുന്നു എന്നു ചിന്തിക്കാനുള്ള സമയമാണു പാതിനോമ്പ്.

ശേഷിക്കുന്ന ദിനങ്ങൾ ക്രിസ്തുവിന്റെ രക്ഷാകരമായ ക്രൂശിലേക്കു നോക്കാനും അതിന്റെ മഹത്വം ഹൃദയത്തിൽ വഹിക്കാനുമുള്ളതാണ്. പാതിനോമ്പിൽ ദേവാലയമധ്യത്തിൽ സ്ഥാപിക്കുന്ന കുരിശ് രക്ഷയുടെ അടയാളമാണ്. ഈ സ്ലീബാ രക്ഷയുടെ അനുഭവം പ്രദാനം ചെയ്യുന്നു. ക്രൂശിൽ ഉയർത്തപ്പെട്ട ക്രിസ്തു മനുഷ്യരാശിയുടെ രക്ഷയുടെ വെളിച്ചമാണ്. യേശുക്രിസ്തുവിനു കത്തയച്ച എഡേസയിലെ രാജാവായ അബ്ഗാറിന്റെ ഓർമ സഭ ആചരിക്കുന്നതും പാതിനോമ്പിലാണ്. രോഗിയായ തന്നെ എഡേസയിലെത്തി സൗഖ്യമാക്കണമെന്നായിരുന്നു അബ്ഗാർ അഞ്ചാമന്റെ കത്തിന്റെ ഉള്ളടക്കം. എന്നാൽ തന്റെ നിയോഗം പൂർത്തീകരിക്കപ്പെടേണ്ടതിനാൽ ക്രിസ്തു ആ ദൗത്യം ശിഷ്യനെ ഏൽപിച്ചു. വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ ശിഷ്യനായ തദ്ദായി എഡേസയിലെത്തി സുവിശേഷവേല നടത്തുകയും അബ്ഗാർ രാജാവ് ഉൾപ്പെടെ ഒട്ടേറെപ്പേർ വിശ്വാസം സ്വീകരിക്കുകയും ചെയ്തു. വിശ്വാസത്തിൽ സ്ഥിരപ്പെട്ട അബ്ഗാർ രാജാവിനെപ്പോലെ, ക്രിസ്തുവിൽ സ്ഥിരപ്പെടാനുള്ള അവസരമാണു നോമ്പുകാലം. പാതിനോമ്പിൽ ദൈവത്തിന്റെ ആലയത്തിൽ പ്രതിഷ്ഠിക്കുന്ന കുരിശ് നമ്മുടെ ഹൃദയവാതിലുകളിലും സ്ഥാപിക്കണം. ആ ക്രൂശിലൂടെ ക്രിസ്തു പകർന്ന സ്നേഹവും കരുണയും നമ്മിലും വസിക്കട്ടെ.




ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ Mar Athanasios Community College (MAAC) ന്റെ ഉത്ഘാടനം ബഥേൽ അരമനയിൽ മന്ത്രി സജി ചെറിയാൻ നിർവഹിച്ചു. ഭദ്രാസന മെത്രാപ്പോലീത്ത ഡോ. മാത്യൂസ് മാർ തീമോത്തിയോസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ SRC Director Dr. P Pramod മുഖ്യ പ്രഭാഷണം നടത്തി. ഫാ. പി. കെ. കോശി, ഫാ. ഡോ. നൈനാൻ വി. ജോർജ്, ഡോ. ജേക്കബ് ഉമ്മൻ, സോളി ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു.

## ഫാ. മാത്യു ചെമ്പോത്തിനാൽ അവാർഡ് എം.പി. ജോർജ് കോർഎപ്പിസ്കോപ്പയ്ക്ക്



തിരുവല്ല : സുറിയാനി മല്പാനും ആരാധനക്രമ പണ്ഡിതനും സംഗീതവിദ്വാനുമായിരുന്ന ഫാ. മാത്യു ചെമ്പോത്തിനാലിൻറെ സ്മരണാർഥം മലങ്കര സുറിയാനി കത്തോലിക്ക സഭ തിരുവല്ല അതിരൂപത ഏർപ്പെടുത്തിയ ഫാ. മാത്യു ചെമ്പോത്തിനാൽ സമൂറോ ദ് റൂഹോ (പരിശുദ്ധ റൂഹായുടെ ഓടക്കുഴൽ) പ്രഥമ അവാർഡിന് ഫാ. എം.പി. ജോർജ് കോർഎപ്പിസ്കോപ്പ അർഹനായി.

ആരാധനാക്രമത്തിനും സുറിയാനി ഭാഷയ്ക്കും ആരാധനാക്രമ സംഗീതത്തിനും നൽകിയ സംഭാവനകൾ മുൻനിർത്തിയാണ് അവാർഡ്. മുൻ ഡിജിപി ജേക്കബ് പുന്നൂസ്, കോട്ടയം സെൻറ് എഫ്രേം സുറിയാനി പഠനഗവേഷണ കേന്ദ്രം ഡയറക്ടർ റവ. ഡോ. ജേക്കബ് തെക്കേപറമ്പിൽ, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആരാധനാക്രമ സുനഹദോസ് കമ്മീഷൻറെ സെക്രട്ടറി റവ. ഡോ. ഐസക് പറപ്പള്ളിൽ എന്നിവർ അംഗങ്ങളായ കമ്മിറ്റിയാണ് ജേതാവിനെ തെരഞ്ഞെടുത്തത്.

മാർച്ച് 20 ന് തിരുവല്ല സെൻറ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ ഹാളിൽ നടക്കുന്ന ഫാ. ചെമ്പോത്തിനാൽ അനുസ്മരണ സമ്മേളനത്തിൽ മേജർ ആർച്ച്ബിഷപ്പ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് 25,000 രൂപയും ഫലകവും അടങ്ങിയ അവാർഡ് സമ്മാനിക്കും. തിരുവല്ല ആർച്ച്ബിഷപ് തോമസ് മാർ കൂറിലോസ് അധ്യക്ഷത വഹിക്കും.

# പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1958)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

**1958 ഓഗസ്റ്റ്**

4 തിങ്കൾ. രാവിലെ മല്പാൻ യോഹന്നാൻ കത്തനാർ സെമിനാരിക്കു പോയി. മൂലവട്ടത്തു നിന്നും അബ്രഹാം കത്തനാർ വന്നു. 10 മണിയോടുകൂടി പീലക്സിനോസ് മെത്രാച്ചൻ വന്നു കണ്ട് കോളജിലെ ഗവേണിംഗ് ബോഡിയുടെ തെരഞ്ഞെടുപ്പിനെ കുറിച്ചു പറഞ്ഞിട്ട് പോയി. ഉച്ചയ്ക്കു മുൻപായി പരുമല മാനേജർ കത്തനാരും പള്ളത്തെ ശമുവേൽ കത്തനാരും വന്നു നമ്മെ കണ്ടു. ഉച്ചകഴിഞ്ഞ് അവർ പോയി. പിന്നീട് ഈവാനിയോസ് മെത്രാച്ചൻ വന്നു കണ്ടു. 5 മണിയോടു കൂടി തിരിച്ചു പോയി. സന്ധ്യയോടു കൂടി മനോരമയിൽ നിന്നും കെ. എം. മാത്യുവും[132] കളത്തിൽ വറുഗ്ഗീസും[133] കൂടി വന്ന് നമ്മെ കണ്ടു. പുതിയതായി പട്ടം ഏല്ക്കാൻ പോകുന്ന സി.എം.എസ്. ലെ റവ. എം. എം. ജോൺ കത്തനാരെ ഉദ്ദേശിച്ച് മനോരമയുടെ വകയായി ഒരു ചായ സൽക്കാരം നടത്താൻ ആഗ്രഹിക്കുന്നതായി അറിയിച്ചിട്ട് പോയി.

5 ചൊവ്വ. അബ്രഹാം കത്തനാർ രാവിലെ മൂലവട്ടത്തിനു പോയി. ഉച്ചകഴിഞ്ഞ് ഈവാനിയോസ് മെത്രാച്ചൻ ഇവിടെ വന്ന് നമ്മെ കണ്ടിട്ടു പോയി. നാളെ നടക്കാൻ പോകുന്ന സി.എസ്.ഐ. ബിഷപ്പ് സ്ഥാനാരോഹണത്തെപ്പറ്റിയും അതിനുപോയി സംബന്ധിക്കുന്നതിനെപ്പറ്റിയും പറഞ്ഞു. 5 മണിയോടു കൂടി വി. ജെ. ഗബ്രിയേൽ കത്തനാർ ഇവിടെ വന്ന് നമ്മെ കണ്ടു. വേറെ വിശേഷം ഒന്നും ഇല്ലായിരുന്നു.

6 ബുധൻ. കൂടാരപ്പെരുന്നാൾ - മറുരൂപപ്പെരുന്നാൾ - ദിവസമായ ഇന്ന് മല്പാൻ യോഹന്നാൻ കത്തനാർ അരമന ചാപ്പലിൽ വി. കുർബാന അർപ്പിച്ചു. നാം അതിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് ഈവാനിയോസ് മെത്രാച്ചൻ ഇവിടെ വന്ന് പുതിയ സി.എസ്.ഐ. ബിഷപ്പിന്റെ സ്വീകരണ മീറ്റിംഗിൽ പോയി സംബന്ധിക്കുന്ന കാര്യം പറഞ്ഞിട്ടുപോയി. അതുകഴിഞ്ഞ് ചാലിൽ ഗീവറുഗീസ് കത്തനാരും കുഴിയിൽ ജോർജ്ജും മറ്റും വന്നു കോളജിലെ ഗവേണിംഗ് ബോർഡിന്റെ തെരഞ്ഞെടുപ്പിനെ പ്രതിഷേധിച്ച് ഒരു ഹർജി തന്നു. നാം അതിന്റെ കാര്യങ്ങൾ പറഞ്ഞു വിട്ടു. പഴയസെമിനാരി മാനേജർ യാക്കോബ് കത്തനാരും വൈദികസെമിനാരിയിൽ നിന്നും റ്റി. വി. വറുഗീസ് കത്തനാരും[134] ചുണ്ടമണ്ണിൽ അബ്രഹാം കത്തനാരും വന്നു നമ്മെ കണ്ടു. പാലമൂട്ടിൽ കോർ എപ്പിസ്ക്കോപ്പായുടെ മകൻ കത്തനാരും നമ്മെ വന്നു കണ്ടു പോയി. മല്പാൻ യോഹന്നാൻ കത്തനാർ സെമിനാരിക്കു പോയി. അബ്രഹാം കത്തനാർ മൂലേടത്തു നിന്നും വന്നു. വാകത്താനം ഇടവകക്കാരിൽ രണ്ടുമൂന്നു പേർ ഒരു ശെമ്മാശ്ശനെയും കൊണ്ടുവന്ന് നമ്മെ കണ്ടു. നാം അയാൾക്കു ചെലവിനു കൊടുക്കണമെന്നു അറിയിച്ചു. നാം അതിന്റെ കാര്യങ്ങൾ പറഞ്ഞുവിട്ടു.

7 വ്യാഴം. രാവിലെ പ്രത്യേകിച്ച് വിശേഷമൊന്നുമില്ല. ഇന്ന് കൗൺസിലിന്റെ ദിവസമായിരുന്നെങ്കിലും പീലക്സിനോസു മെത്രാച്ചനു വരുവാൻ വെള്ളപ്പൊക്കം മൂലം സാധിച്ചില്ല. അതുകൊണ്ട് ഇന്നു കൗൺസിൽ നടന്നില്ല. ഉച്ചയോടുകൂടി ഏലിയാസ് തോമസ് കോർഎപ്പിസ്ക്കോപ്പാ വന്നു നമ്മെ കണ്ടിട്ടു 4 മണിയോടുകൂടി പോയി. എടത്വാക്കാർ - പാട്ടക്കാർ - വന്നിരുന്നു. അവർ കുറച്ചു തുക കൊണ്ടുവന്നു തന്നു. ബാക്കി രൂപാ കൂടെ ഉടനെ കൊണ്ടുവന്നു തരണം എന്നു പറഞ്ഞു അവരെ അയച്ചു. ഉച്ചയോടു കൂടി ജർമ്മൻകാരൻ ഒരു അച്ചൻ വറുഗീസ് ക്ലേറിയ്ക്കൊപ്പം[135] വന്നു നമ്മെ കണ്ടു സംസാരിച്ചു. ഇവിടെ വന്നപ്പോൾ മാത്രമാണ് പ. മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട യഥാർത്ഥ സഭ സ്ഥിതി ചെയ്യുന്നുണ്ട് എന്നുള്ളത് അറിഞ്ഞതെന്ന് അദ്ദേഹം പറകയുണ്ടായി. അതിനു മുൻപ് മാർത്തോമ്മാ സഭയാണ് മാർതോമ്മാ ശ്ലീ



ഹായുടെ സഭ എന്നാണ് അവർ വിശ്വസിച്ചിരുന്നത് എന്നു പറഞ്ഞു. അദ്ദേഹം നമ്മെ കണ്ട് വളരെ സന്തോഷമായി തിരികെ പോയി.

8 വെള്ളി. ഇന്നു രാവിലെ പ്രത്യേക വിശേഷമൊന്നുമില്ലായിരുന്നു. ഉച്ചയോടു കൂടി പഴയസെമിനാരി മാനേജരും എറികാട്ടെ ബേബിയും[136] കൂടി വന്ന് സുപ്രീം കോടതിയിലെ കേസ്സിന്റെ കാര്യവും അതിനുവേണ്ട പണത്തിന്റെ കാര്യവും പറഞ്ഞു. നാളെ രാവിലെ എറണാകുളത്തു പോയി ഡൽഹിക്കു പോകുന്നവരെ യാത്രയാക്കുവാൻ അനുവാദം വാങ്ങിച്ചുകൊണ്ടു ബേബി പോയി. അനന്തരം എറണാകുളത്തു നിന്നും പി. വി. ജോസഫ് കത്തനാർ[122] വന്നു നമ്മെ കണ്ടു. അയാൾ മലയായിക്കു പോകുന്ന കാര്യം അറിയിച്ചു. 4 മണിയോടു കൂടി തിരുവല്ലായിൽ നിന്നും സി. സി. ഗീവറുഗീസ് കത്തനാരും കെ. മാത്യു ശെമ്മാശ്ശനും വന്നു നമ്മെ കണ്ടു. ശെമ്മാശന്റെ കല്യാണം ഈ 25-നു ആണെന്നു നമ്മെ അറിയിച്ച് അനുഗ്രഹം വാങ്ങിച്ചുകൊണ്ടു പോയി. ഉച്ചകഴിഞ്ഞ് അബ്രഹാം കത്തനാർ മൂലേടത്തിനു പോയി. മാനേജർ കത്തനാർ ഇവിടെ താമസിച്ചു. ഇന്നു ശരീരത്തിന് കൂടുതൽ ക്ഷീണമുണ്ടായിരുന്നു.

9 ശനി. വെളുപ്പിനെ പഴയസെമിനാരി മാനേജർ കത്തനാരും ജോസഫ് കത്തനാരും എറണാകുളത്തിനു പോയി. ഡൽഹിയിലേക്കു ഏബ്രഹാം വക്കീലിനേയും ചെറിയാൻ വക്കീലിനേയും[137] യാത്രയാക്കിയിട്ടു വൈകിട്ടു തിരിച്ചുവന്ന് നമ്മെ കണ്ടു വിവരം അറിയിച്ചു. ഉച്ചയോടു കൂടി ഡോക്ടർ പോൾ (അയ്യംപള്ളി) ഇവിടെ വന്ന് നമ്മെ കണ്ട് നമ്മുടെ ക്ഷേമം അന്വേഷിച്ചിട്ടു പോയി. അനന്തരം ശങ്കരത്തിൽ മാത്യു കോർഎപ്പിസ്ക്കോപ്പാ ഇവിടെ വന്നു നമ്മെ കണ്ടു. അയാളുടെ ഷഷ്ടിപൂർത്തി സ്മാരകമായി നാം ഒരു സ്വർണ്ണമെഡൽ അയാൾക്കു സമ്മാനിച്ചു. അയാൾ പോയി. വൈകിട്ടു വി. ജെ. ഗബ്രിയേൽ കത്തനാർ നമ്മെ വന്നു കണ്ടു. കേസ്സിന്റെ പണം തന്നിട്ടു പോയി. വ്യാഴാഴ്ച ഉണ്ടായതായ ഉരുൾപൊട്ടൽ മൂലം കഷ്ടപ്പെടുന്ന ആളുകൾക്ക് നമ്മുടെ

വൈദികസെമിനാരിയിലെ അച്ചന്മാരും ശെമ്മാശന്മാരും കൂടെ പണം പിരിച്ച്, ആ സ്ഥലങ്ങളിൽ എത്തിച്ചു കൊടുത്തു. അവർ തിരികെ ഇവിടെ വന്നു നമ്മെ കണ്ടു. ആ വിവരങ്ങൾ എല്ലാം അറിയിച്ചു. ജോർജ്ജ് കത്തനാരും മല്പാൻ യോഹന്നാൻ കത്തനാരും അവർക്കു നേതൃത്വം കൊടുത്തു. മല്പാൻ യോഹന്നാൻ കത്തനാർ ഇവിടെ താമസിച്ചു.

10 ഞായർ. മല്പാൻ യോഹന്നാൻ കത്തനാർ അരമന ചാപ്പലിൽ വി. കുർബാന അർപ്പിച്ചു. നാം അതിൽ സംബന്ധിച്ചു. കുർബാന കഴിഞ്ഞ് അരമന ചാപ്പലിലെ പെരുന്നാളിന്റെ കാര്യവും 13, 14, 15 ഈ തീയതികളിൽ സഭയ്ക്കുവേണ്ടിയും മറ്റും പ്രാർത്ഥിക്കുകയും ചാപ്പലിൽ പ്രത്യേക കുർബാന നടത്തി വി. മാതാവിനോടു അഭയം പ്രാപിക്കുകയും ചെയ്യണമെന്നും അതിൽ എല്ലാവരും വന്നു സംബന്ധിക്കണമെന്നും നാം പറഞ്ഞു. ഇന്ന് കെ. സി. മാത്യൂ വക്കീലിന്റെ 41 അടിയന്തിരം ആയിരുന്നു. അതിന്റെ വിഭവങ്ങളെല്ലാം ഇവിടെ കൊടുത്തയച്ചിരുന്നു. ഉച്ചകഴിഞ്ഞ് മൂലവട്ടത്തുനിന്നും അബ്രഹാം കത്തനാർ വന്നു. ഇന്ന് ഇവിടുത്തെ പെരുനാളിനു വേണ്ടിയുള്ള കൊടിയേറ്റ് ഉണ്ടായിരുന്നു. 4 മണി കഴിഞ്ഞ് ചെങ്ങന്നൂർകാരൻ ഈപ്പൻ കത്തനാർ നമ്മെ വന്നു കണ്ടു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് മല്പാൻ യോഹന്നാൻ കത്തനാർ സെമിനാരിക്കു പോയി. ഇന്നു കൊണ്ടു പത്ഥ്യം കഴിഞ്ഞു.

11 തിങ്കൾ. രാവിലെ പഴയസെമിനാരി മാനേജർ യാക്കോബ് കത്തനാരും സമുദായ സെക്രട്ടറി ബേബിയും കൂടെ വന്നു. നമ്മെ കണ്ടു സമുദായക്കേസിന്റെ കാര്യവും പണത്തിന്റെ കാര്യവും ഒക്കെ അറിയിച്ചു. 10 മണിയോടു കൂടി ദീവന്നാസ്യോസ് മെത്രാച്ചൻ നമ്മെ വന്നു കണ്ടു. അദ്ദേഹത്തോടു കൂടെ ആശ്രമത്തിലെ സ്കറിയാ കത്തനാരും ഉണ്ടായിരുന്നു. ജോർജ്ജ് വള്ളക്കാലിക്ക് അദ്ദേഹം കൊടുത്ത കല്പനയുടെ ദൂഷ്യത്തെക്കുറിച്ചും അതു മൂലമുണ്ടാകുന്ന വൈഷമ്യത്തെക്കുറിച്ചും നാം പറഞ്ഞു മനസ്സിലാക്കി. അദ്ദേഹം ഉച്ചയ്ക്കു മുൻപായി കോയമ്പത്തൂരിന് പോയി. മാർ പീലക്സിനോസ് മെത്രാച്ചനും നമ്മെ വന്നു കണ്ടു സമുദായക്കേസിനു വേണ്ടി പിരിച്ച പണം തന്നു. ഉച്ചകഴിഞ്ഞ് അദ്ദേഹം പോയി. ഉച്ചയോടു കൂടി ഇ. പി. ജേക്കബ് കത്തനാർ[138] വന്നു നമ്മെ കണ്ടു. ഉച്ചകഴിഞ്ഞ് കാർത്തികപള്ളി വികാരി തോമ്മസു കത്തനാർ നമ്മെ വന്നു കണ്ടു മുളക്കുളത്തെ വസ്തു വില്ക്കുന്ന കാര്യം അറിയിച്ചിട്ട് വൈകിട്ടു പോയി. മാനേജരു കത്തനാരും ബേബിയും കൂടെ 15000 രൂപയുടെ ചെക്കു വാങ്ങിച്ചു കൊണ്ടുപോയി. വേറെ വിശേഷമൊന്നുമില്ല.

12 ചൊവ്വാ. രാവിലെ പഴയസെമിനാരി മാനേജർ കത്തനാർ നമ്മെ വന്നു കണ്ടു. ഉച്ചയോടു കൂടി കൊല്ലന്റേത്തു ഗീവറുഗീസ് കത്തനാർ ഇവിടെ വന്നിരുന്നു. ഹെഡ്മാസ്റ്റർ നിയമനത്തെക്കുറിച്ചു നാം അയാളോടു കല്പിച്ചു പറഞ്ഞു. അയാൾ ഉച്ചകഴിഞ്ഞു പോയി. 4 മണിയോടു കൂടി മംഗലംകാരൻ പീടികയിൽ തോമ്മസു കത്തനാരും കൊടുവത്തെ ജോൺ കത്തനാരും നമ്മെ വന്നു കണ്ടു. സന്ധ്യയ്ക്കു മുൻപ് അവർ പോയി. വേറെ വിശേഷമൊന്നുമില്ല.

13 ബുധൻ. ഞായറാഴ്ച നാം കല്പിച്ചിരുന്നതനുസരിച്ച് ഇന്ന് വി. കുർബാന ഉണ്ടായിരുന്നു. അബ്രഹാം കത്തനാർ കുർബാന ചൊല്ലി. നാം അതിൽ സംബന്ധിച്ചു. വി. മാതാവിന്റെ നാമത്തിൽ പ്രത്യേക പ്രാർത്ഥന കഴിച്ചു. ഉച്ചയോടു കൂടി കെ. ദാവീദ് കത്തനാരും[139] എം. വി. ജോർജ്ജ് കത്തനാരും വന്നു നമ്മെ കണ്ടു. വൈദികസെമിനാരിക്കു വേണ്ടി 1000 രൂപയുടെ ഒരു ചെക്ക് കൊണ്ടുപോയി. ഉച്ചകഴിഞ്ഞ് വഞ്ചിത്ര പള്ളി വികാരിയും അമയന്നൂർകാരൻ സ്റ്റീഫൻ കത്തനാരും[140] വന്ന് നമ്മെ കണ്ടു. കേസ്സിനു വേണ്ടി പണം തന്നിട്ടു പോയി. സന്ധ്യയോടു കൂടി മാർത്തോമ്മാ വലിയ മെത്രാച്ചൻ ഇവിടെ വന്നു. നമ്മെ കണ്ടു സഭയുടെ കാര്യങ്ങളും മറ്റും ചോദിച്ചു. നാളെ അദ്ദേഹം എറണാകുളത്തിനു പോകുകയാണെന്നും ആയതുകൊണ്ട് വെള്ളിയാഴ്ച നടത്തുവാനിരിക്കുന്ന കാപ്പിസൽക്കാരത്തിൽ സംബന്ധിക്കാൻ സാധിക്കയില്ല എന്നും അറിയിച്ചിട്ട് കാപ്പി കഴിഞ്ഞ് അദ്ദേഹം പോയി. അദ്ദേഹത്തോടു കൂടി കോട്ടയം യരുശലേം മാർത്തോമ്മാ പള്ളി വികാരി കോരുതു കത്തനാരും ഉണ്ടായിരുന്നു. വേറെ വിശേഷം ഒന്നുമില്ല.

14 വ്യാഴം. രാവിലെ അബ്രഹാം കത്തനാർ വി. കുർബാന അർപ്പിച്ചു. നാം അതിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് അമയന്നൂർക്കാരൻ സ്റ്റീഫൻ കത്തനാർ വന്നു നമ്മെ കണ്ടു. അനന്തരം മല്പാൻ യോഹന്നാൻ കത്തനാർ വന്നു. 4 മണിയോടു കൂടി പുത്തൻകാവു പള്ളി വികാരി സി. വി. ജോൺ കത്തനാർ വന്ന് കണ്ടു. വിവരങ്ങൾ പറഞ്ഞിട്ടു പോയി. ഇന്നും നാളെയും ഇവിടെ അരമനചാപ്പലിലെ പെരുനാളാണ്. 6 മണിയ്ക്കു സന്ധ്യാനമസ്ക്കാരം നടത്തി. അത്താനാസ്യോസ് മെത്രാച്ചനും വൈദികസെമിനാരിയിലെ ശെമ്മാശ്ശന്മാരും പഴയസെമിനാരി, കൊല്ലാട്ടുപള്ളി, ചെറിയപള്ളി എന്നീ പള്ളികളിലെ വികാരിമാരും ഉണ്ടായിരുന്നു. എം. വി. ജോർജ്ജ് കത്തനാർ, സന്ധ്യാനമസ്ക്കാരത്തെ തുടർന്ന് പ്രസംഗിച്ചു. താഴത്തെ കുരിശിങ്കൽ വരെ റാസ ഉണ്ടായിരുന്നു. അത്താനാസ്യോസ് മെത്രാച്ചന്റെ വാഴ്വിനു ശേഷം ഇന്നത്തെ ചടങ്ങു തീർന്നു. അദ്ദേഹം രാത്രി തന്നെ തിരിച്ചുപോയി.

15 വെള്ളി. പെരുന്നാൾ ദിവസമായ ഇന്നു രാവിലെ 7 1/2 മണിക്കു പ്രഭാത നമസ്ക്കാരം. അതിനെ തുടർന്ന് നമ്മുടെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബാനയും ഉണ്ടായിരുന്നു. നാം എണ്ണ സേവിച്ചു പത്ഥ്യം കഴിഞ്ഞിട്ട് ആദ്യമായി കുർബാന അർപ്പിച്ചതു ഇന്നാണ്. ഈവാനിയോസ് മെത്രാച്ചനും എം. വി. ജോർജ്ജു കത്തനാരും കൂടെ ഇരുവശങ്ങളിലും ചൊല്ലി. കുർബാന മദ്ധ്യേ എം. വി. ജോർജ്ജു കത്തനാർ പ്രസംഗിച്ചു. കൈമുത്തു കഴിഞ്ഞ് നേർച്ചവിളമ്പും അതിനുശേഷം റാസയും കഴിഞ്ഞ് എല്ലാവരും പിരിഞ്ഞു പോയി. പുതിയ സി.എസ്.ഐ. ബിഷപ്പ് എം. എം. ജോണിന് നാം ഇന്ന് ഒരു കാപ്പിസൽക്കാരം നടത്തി. ആ ചടങ്ങിൽ അത്താനാസ്യോസ് മെത്രാച്ചൻ, ഈവാനിയോസ് മെത്രാച്ചൻ, പീലക്സിനോസ് മെത്രാച്ചൻ എന്നീ തിരുമേനിമാരെ കൂടാതെ, കളക്ടർ, ഡി.എസ്.പി., ഡിസ്ട്രിക്ട് ജഡ്ജി, അഡീഷണൽ ജഡ്ജി, ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ്, ഡി.എം.ഒ., മുൻസിപ്പൽ ചെയർമാൻ, കെ. എം. ചെറിയാൻ, ബിഷപ്സ് കമ്മിസറി, ദീപിക എഡിറ്റർ മുതലായ പ്രശസ്ത വ്യക്തികളും ഓർത്തഡോക്സ് സമുദായ സെക്രട്ടറി ഇ. ജെ. ജോസഫും കാതോലിക്കേറ്റ് കോളജ് പ്രിൻസിപ്പലും സംബന്ധിച്ചിരുന്നു. 4 1/2 മണിക്ക് അവരെ നാം സ്വീകരിച്ചു. ബിഷപ്പിനെ ആനക്കൊമ്പുകൊണ്ടുണ്ടാക്കിയ ഒരു കുരിശുമാലയും അണിയിച്ച് നാം സ്വീകരിച്ചു. കാപ്പികഴിഞ്ഞ് നാം പ്രസംഗിച്ചു. ബിഷപ്പ് സി. കെ. ജേക്കബ് സമുദായ സൗഹാർദം പുലർത്തുന്നതിൽ വളരെയേറെ ശ്രദ്ധ പതിപ്പിച്ചിരുന്നു എന്നും അതുപോലെ അഭിനവ ബിഷപ്പും ശ്രമിക്കുമെന്നു വിശ്വസിക്കുന്നു എന്നും, സത്യത്തെ മുൻനിർത്തി ജീവിക്കണമെന്നും അസത്യത്തെ സത്യമായി ഗണിച്ചു മുൻപോട്ടു പോകരുതെന്നും കല്പിക്കുകയും ചെയ്തു. അനന്തരം ഒരു പട്ടുകുപ്പായവും സമ്മാനിക്കുകയുണ്ടായി. ബിഷപ്പ് എം. എം. ജോൺ സമുചിതമായി മറുപടി പറഞ്ഞു. അനന്തരം എല്ലാവരുമായി ഒരിക്കൽകൂടെ നമ്മോടു യാത്ര പറഞ്ഞിട്ട് പോയി. എല്ലാവർക്കും ഇവിടെ വന്നു നമ്മെ കണ്ടതിലും നമുക്കു അവരെ കാണുവാൻ സാധിച്ചതിലും വളരെ സന്തോഷമുണ്ടായി.

16 ശനി. രാവിലെ പ്രത്യേകിച്ച് വിശേഷമൊന്നുമില്ല. ഉച്ചയോടുകൂടി പരുമല നിന്നും മത്തായി കത്തനാർ വന്നു നമ്മെ കണ്ട് നാം അങ്ങോട്ടു ചെല്ലുന്ന കാര്യം ചോദിച്ചറിഞ്ഞു. ഉച്ചകഴിഞ്ഞ് കല്ലൂപ്പാറ പണിക്കർ കത്തനാർ ഇവിടെ വന്നു നമ്മെ കണ്ടു. 4 മണിക്കു ശേഷം അവർ പോയി. ഡോക്ടർ സി. റ്റി. ഈപ്പൻ കത്തനാരും വന്നു നമ്മെ കണ്ടു. പണപ്പിരിവിന്റെ കാര്യവും കേസിന്റെ കാര്യങ്ങളും ഒക്കെ പറഞ്ഞു. അബ്രഹാം കത്തനാർ മൂലവട്ടത്തിനു പോയി. വേറെ വിശേഷമൊന്നുമില്ല.

17 ഞായർ. ഇന്ന് മല്പാൻ യോഹന്നാൻ കത്തനാർ അരമനചാപ്പലിൽ വി. കുർബാന അർപ്പിച്ചു. നാം അതിൽ സംബന്ധിച്ചു. കുർബാന മദ്ധ്യേ നാം പ്രസംഗിക്കുകയും സഭയ്ക്കുവേണ്ടി പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തു. ഇന്നു കുറിയാക്കോസ് റമ്പാച്ചന്റെ മുപ്പതാമടിയന്തിരമായിരുന്നു. നാം പോയില്ല. മല്പാൻ യോഹന്നാൻ കത്തനാർ പോയി. വേറെ വിശേഷമൊന്നുമില്ല.

18 തിങ്കൾ. രാവിലെ പ്രത്യേകിച്ചു വിശേഷമൊന്നുമില്ല. വൈകിട്ട് ഏബ്രഹാം കത്തനാർ വന്ന് ഇവിടെ താമസിച്ചു.

19 ചൊവ്വാ. സമുദായക്കേസ് സുപ്രീംകോടതിയിൽ വാദം ആരംഭിക്കുന്ന ഇന്ന് നാം അരമനചാപ്പലിൽ കുർബാന ചൊല്ലി. സന്ധ്യയോടുകൂടി ശങ്കരത്തിൽ കോറെപ്പിസ്ക്കോപ്പാ നമ്മെ വന്നു കണ്ടു. രാത്രി ഇവിടെ താമസിച്ചു. 8 മണിയോടുകൂടി ഓമല്ലൂർ പള്ളി വികാരി ജോഷാകത്തനാരും രണ്ടുമൂന്നു ഇടവകക്കാരും കൂടെ വന്നു നമ്മെ കണ്ടു. കോളജിലെ തെരഞ്ഞെടുപ്പും അനന്തരഫലങ്ങളും ഒക്കെ അറിയിച്ചു. അവർ രാത്രി തന്നെ തിരിച്ചുപോയി. വേറെ വിശേഷമൊന്നുമില്ല. ഇന്ന് കേസ് വാദം നടന്നില്ല.

20 ബുധൻ. ഇന്നും രാവിലെ അബ്രഹാം കത്തനാർ വി. കുർബാന ചൊല്ലി. നാം അതിൽ സംബന്ധിച്ചു. ഇന്ന് സമുദായക്കേസ് സുപ്രീംകോടതിയിൽ വാദം ആരംഭിച്ചു. സഭയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. ശങ്കരത്തിൽ കോർഎപ്പിസ്ക്കോപ്പാ രാവിലെ പോയി. വൈകിട്ട് മാവേലിക്കര മാമ്മൂട്ടിൽ കത്തനാർ വന്നിരുന്നു. എം. വി. ജോർജ്ജ് കത്തനാരും വന്നു. തിരിച്ചുപോയി. വൈദികസെമിനാരിയിൽ നിന്നും വറുഗീസ് ക്ലേറി ഇവിടെ വന്നു നമ്മെ കണ്ടു. ഇവിടെ താമസിച്ചിട്ട് രാവിലെ പോയി. വേറെ വിശേഷം ഒന്നും ഇല്ല.

(തുടരും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

# രക്തസ്രാവക്കാരി

## സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)



സുവിശേഷങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്ന അത്യന്തം ഹൃദയസ്പർശിയായ ഭാഗങ്ങളിലൊന്നാണ് രക്തസ്രാവക്കാരിയുടെ സംഭവം. ഇത് മത്തായി എഴുതിയ സുവിശേഷം (9:20–22), മർക്കോസ് എഴുതിയ സുവിശേഷം (5:25 34), ലൂക്കോസ് എഴുതിയ സുവിശേഷം (8:43–48) എന്നിവിടങ്ങളിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. മൂന്ന് സുവിശേഷങ്ങളിലും ഈ സംഭവം ഉൾപ്പെടുത്തിയിരിക്കുന്നത് ഇതിന്റെ പ്രാധാന്യവും ആത്മീയഗൗരവവും വ്യക്തമാക്കുന്നു.

ഈ സംഭവം ഒരു സാധാരണ രോഗസൗഖ്യത്തിന്റെ വിവരണം മാത്രമല്ല. ഇത് ഒരു സ്ത്രീയുടെ ദീർഘകാല വേദനയുടെ, അവളുടെ ആത്മസംഘർഷത്തിന്റെ, സമൂഹത്തിൽ നിന്നുള്ള ഒറ്റപ്പെടലിന്റെ, അതിനിടയിൽ പോലും മങ്ങാത്ത വിശ്വാസത്തിന്റെ നേർക്കാഴ്ചയാണ്. പന്ത്രണ്ടു വർഷം എന്ന ദീർഘകാലം അവൾ രക്തസ്രാവം അനുഭവിച്ചു. അതിനാൽ അവൾക്ക് സാധാരണ മനുഷ്യരെപ്പോലെ സമൂഹജീവിതം നയിക്കാൻ കഴിയാത്ത അവസ്ഥയായിരുന്നു.

അവൾ ശാരീരികമായി ക്ഷീണിച്ചിരുന്നതുപോലെ മാനസികമായും തളർന്നിരിക്കാം. ചികിത്സയ്ക്കായി അവൾ സ്വന്തമായിരുന്ന എല്ലാം ചെലവഴിച്ചു. എന്നാൽ രോഗസൗഖ്യം ലഭിച്ചില്ല. പ്രതീക്ഷകൾ ഒന്നൊന്നായി തകർന്നുവീണിരിക്കാം. സുഹൃത്തുക്കളിൽ നിന്നും ബന്ധുക്കളിൽ നിന്നും അവൾ അകന്നിരിക്കാം. ഓരോ ദിവസവും വേദനയും നിരാശയും നിറഞ്ഞതായിരിക്കാം.

എന്നാൽ ഈ ഇരുണ്ട ജീവിതത്തിലേക്ക് ഒരു ദിവസം പ്രകാശം കടന്നുവന്നു. അവൾ യേശുക്രിസ്തുവിനേക്കുറിച്ച് കേട്ടു. രോഗികളെ സുഖപ്പെടുത്തുന്നവനായി, കരുണയുള്ളവനായി, ദൈവത്തിന്റെ ശക്തി പ്രകടിപ്പിക്കുന്നവനായി യേശുവിനെക്കുറിച്ചുള്ള വാർത്ത അവളുടെ ഹൃദയത്തിൽ ഒരു പുതിയ പ്രത്യാശ ജനിപ്പിച്ചു. അതുവരെ പല ശ്രമങ്ങളും പരാജയപ്പെട്ടെങ്കിലും, ഇപ്പോൾ അവളുടെ മനസ്സിൽ ഒരു ഉറച്ച വിശ്വാസം ഉടലെടുത്തു.



അവൾ വിചാരിച്ചു: “അവന്റെ വസ്ത്രത്തിന്റെ അറ്റം മാത്രം തൊട്ടാൽ മതി; ഞാൻ സുഖം പ്രാപിക്കും.” ഈ വാക്കുകൾ അവളുടെ ആന്തരിക വിശ്വാസത്തിന്റെ ശക്തിയെ വെളിപ്പെടുത്തുന്നു. അത് വെറും ഒരു ആശയമല്ലായിരുന്നു; ജീവിതത്തിന്റെ അവസാന പ്രത്യാശയായി അവൾ പിടിച്ചുനിന്ന വിശ്വാസമായിരുന്നു.

അവൾ ജനക്കൂട്ടത്തിനിടയിൽ കടന്നുചെന്ന് യേശുവിന്റെ വസ്ത്രത്തിന്റെ അറ്റം സ്പർശിച്ചു. ആ നിമിഷം അവളുടെ ജീവിതത്തിലെ വഴിത്തിരിവായി മാറി. പന്ത്രണ്ടു വർഷം നീണ്ട വേദന ഒരു നിമിഷത്തിൽ അവസാനിച്ചു. ശാരീരികമായ സുഖം മാത്രമല്ല, ആത്മീയമായ ആശ്വാസവും അവൾ അനുഭവിച്ചു. ഈ സംഭവത്തിൽ നിന്ന് വിശ്വാസത്തിന്റെ ശക്തിയും ദൈവകരുണയുടെ മഹത്വവുമാണ് നമ്മൾ മനസ്സിലാക്കുന്നത്. മനുഷ്യർ തള്ളിപ്പറഞ്ഞവരെയും സമൂഹം അകറ്റിയവരേയും ദൈവം സ്വീകരിക്കുന്നു. നിരാശയുടെ ഇരുട്ടിൽ പോലും വിശ്വാസം പ്രകാശമായി നിലകൊള്ളുന്നു എന്ന സത്യമാണ് ഈ സംഭവം നമ്മെ പഠിപ്പിക്കുന്നത്.

അതിനാൽ രക്തസ്രാവക്കാരിയുടെ ജീവിതം ഇന്നും വിശ്വാസികളുടെ ഹൃദയങ്ങളിൽ പ്രചോദനമായി തുടരുന്നു. അത് വേദനയിൽ നിന്ന് പ്രത്യാശയിലേക്കുള്ള ഒരു യാത്രയാണ്; നിരാശയിൽ നിന്ന് നവജീവിതത്തിലേക്കുള്ള ഒരു ആത്മീയ സന്ദേശമാണ്.

**1. അവളുടെ പശ്ചാത്തലം**

സുവിശേഷങ്ങളിൽ പ്രതിപാദിക്കുന്ന ഈ സ്ത്രീയുടെ പേര് ബൈബിളിൽ എവിടെയും വ്യക്തമാക്കുന്നില്ല. അവൾ ആരായിരുന്നു, ഏത് കുടുംബത്തിൽപ്പെട്ടവൾ ആയിരുന്നു, വിവാഹിതയോ അല്ലയോ എന്നിങ്ങനെ വ്യക്തിഗത വിവരങ്ങൾ ഒന്നും നമുക്ക് ലഭ്യമല്ല. എന്നാൽ അവളുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട വസ്തുത വ്യക്തമാക്കപ്പെടുന്നു അവൾക്ക് പന്ത്രണ്ടു വർഷമായി രക്തസ്രാവം ഉണ്ടായിരുന്നു. ഈ ഒരു വിവരം മാത്രം അവളുടെ ജീവിതത്തിന്റെ വേദനയും ദൈർഘ്യമേറിയ ദുരിതവും എത്രത്തോളം ആഴത്തിലുണ്ടായിരുന്നുവെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു.

ആ കാലഘട്ടത്തിലെ യഹൂദരുടെ മതനിയമപ്രകാരം രക്തസ്രാവം പോലുള്ള രോഗങ്ങൾ ഉണ്ടായിരുന്നവർ “അശുദ്ധർ” ആയി കണക്കാക്കപ്പെട്ടു. ഈ നിയമം വെറും ആരോഗ്യപരമായ ഒരു നിർദ്ദേശമല്ലായിരുന്നു; അത് സാമൂഹികവും ആത്മീയവുമായ വേർതിരിവുകൾ സൃഷ്ടിക്കുന്നതായിരുന്നു. അശുദ്ധയായി കണക്കാക്കപ്പെട്ട ഒരാൾക്ക് പൊതുസമൂഹത്തിൽ സ്വതന്ത്രമായി ഇടപെടാൻ സാധിക്കില്ലായിരുന്നു. കുടുംബാംഗങ്ങളോടും സുഹൃത്തുക്കളോടും അടുത്ത ബന്ധം പുലർത്താൻ പോലും അവൾക്ക് ഭയം ഉണ്ടായിരിക്കാം, കാരണം അവളെ സ്പർശിക്കുന്നവരും അശുദ്ധരായി കണക്കാക്കപ്പെടുമായിരുന്നു.

അതിനാൽ അവൾ സമൂഹത്തിൽ നിന്ന് ഒറ്റപ്പെടേണ്ടി വന്നിരിക്കാം. സന്തോഷകരമായ കുടുംബസംഗമങ്ങൾ, ആഘോഷങ്ങൾ, ആരാധനാസമ്മേളനങ്ങൾ എന്നിവയെല്ലാം അവൾക്ക് നഷ്ടമായ അനുഭവങ്ങളായിരിക്കാം. ആരാധനാലയങ്ങളിൽ പ്രവേശിക്കാൻ പോലും നിയന്ത്രണങ്ങൾ ഉണ്ടായിരുന്നതിനാൽ അവൾ ആത്മീയമായും അകന്ന നിലയിലായിരിക്കാം. ദൈവസന്നിധിയിൽ നേരിട്ട് എത്താൻ കഴിയാത്ത അവസ്ഥ ഒരു വിശ്വാസിയായ വ്യക്തിക്ക് എത്രത്തോളം വേദനാജനകമാണെന്ന് നമുക്ക് ചിന്തിക്കാം.

അവളുടെ വേദന ഇതുകൊണ്ടും അവസാനിച്ചില്ല. രോഗസൗഖ്യത്തിനായി അവൾ തന്റെ മുഴുവൻ സമ്പത്തും ചെലവഴിച്ചു. അനേകം വൈദ്യരെ സമീപിച്ചു. ഓരോ ചികിത്സയും അവൾക്ക് പുതിയ പ്രത്യാശ നൽകിയിരിക്കാം; എന്നാൽ ഫലം കണ്ടില്ല. പണം നഷ്ടപ്പെട്ടതോടെ അവൾ സാമ്പത്തികമായി തകർന്നു. സമ്പത്തും ആരോഗ്യവും ഒരുമിച്ച് നഷ്ടപ്പെടുമ്പോൾ ഒരാളുടെ ജീവിതം എത്രത്തോളം പ്രതിസന്ധിയിലാകുമെന്ന് നമുക്ക് മനസ്സിലാക്കാം.

അതിനാൽ ഈ സ്ത്രീയുടെ അവസ്ഥ ശാരീരിക വേദനയിൽ ഒതുങ്ങിയിരുന്നില്ല. അവൾ മാനസികമായി തളർന്നിരിക്കാം, നിരാശയും ലജ്ജയും അനുഭവിച്ചിരിക്കാം. സമൂഹം അകറ്റി, സാമ്പത്തികമായി തകർന്നു, ആരോഗ്യത്തിൽ പ്രതീക്ഷയില്ലാതെയായി, ഇങ്ങനെ നാനാതുറകളിലും നഷ്ടം അനുഭവിച്ച ഒരു സ്ത്രീയായിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാം.

അവളുടെ പശ്ചാത്തലം നമ്മെ പഠിപ്പിക്കുന്നത്, അവൾ വെറും ഒരു രോഗി മാത്രമല്ലായിരുന്നു; ജീവിതത്തിന്റെ എല്ലാ മേഖലകളിലും തകർന്നുപോയ ഒരാളായിരുന്നു. അതുകൊണ്ടുതന്നെ പിന്നീട് അവൾ അനുഭവിച്ച സൗഖ്യവും പുനസ്ഥാപനവും അത്രയും ഗൗരവമുള്ളതായിത്തീരുന്നു.

**2. അവളുടെ വേദനയും സാമൂഹിക അവസ്ഥയും**

പന്ത്രണ്ടു വർഷം എന്നത് വളരെ ദീർഘമായ ഒരു കാലയളവാണ്. ഒരു രോഗം ഒരാഴ്ചയോ ഒരു മാസമോ നീണ്ടാൽ പോലും അത് മനുഷ്യനെ ക്ഷീണിപ്പിക്കും. എന്നാൽ പന്ത്രണ്ടു വർഷം തുടർച്ചയായി രക്തസ്രാവം അനുഭവിക്കുക എന്നത് അവളുടെ ശരീരത്തെയും മനസ്സിനെയും ഒരുപോലെ തളർത്തിയിരിക്കണം. ദിനംപ്രതി രക്തനഷ്ടം സംഭവിച്ചതിനാൽ അവൾ ശാരീരികമായി ദുർബലയായിരിക്കാം. ക്ഷീണം, തലചുറ്റൽ, വേദന, അസ്വസ്ഥത എന്നിവ അവളുടെ ദിവസേനയുള്ള അനുഭവങ്ങളായിരിക്കാം. സാധാരണ ജോലികൾ പോലും ചെയ്യാൻ അവൾക്ക് പ്രയാസമായിരിക്കാം.

എന്നാൽ അവളുടെ വേദന ശാരീരികതയിൽ മാത്രം ഒതുങ്ങിയിരുന്നില്ല. ആ കാലഘട്ടത്തിലെ സാമൂഹിക സാഹചര്യത്തിൽ ഇത്തരത്തിലുള്ള രോഗികൾ “അശുദ്ധർ” ആയി കണക്കാക്കപ്പെട്ടതിനാൽ അവൾ സമൂഹത്തിൽ നിന്ന് അകറ്റപ്പെടേണ്ടി വന്നിരുന്നു. ആളുകളുമായി അടുത്ത് ഇടപഴകാൻ കഴിയാത്ത അവസ്ഥ, ആരെയും സ്പർശിക്കാൻ പോലും ഭയപ്പെടേണ്ട സാഹചര്യം, പൊതുസമൂഹത്തിൽ സ്വതന്ത്രമായി സഞ്ചരിക്കാനാവാത്ത നിയന്ത്രണം എന്നിവയെല്ലാം അവളുടെ മനസ്സിൽ വലിയ ഭാരമായിരുന്നിരിക്കാം.

സമൂഹത്തിൽ നിന്ന് അകറ്റപ്പെടുന്നത് ഒരാളുടെ ആത്മവിശ്വാസത്തെ ഗുരുതരമായി ബാധിക്കും. “ഞാൻ മറ്റുള്ളവരെപ്പോലെ അല്ല” എന്ന തോന്നൽ അവളിൽ വളർന്നിരിക്കാം. നിരന്തരം “അശുദ്ധ” എന്ന മുദ്ര ചാർത്തപ്പെട്ട ജീവിതം അവളിൽ ലജ്ജയും ആത്മനിന്ദയും സൃഷ്ടിച്ചിരിക്കാം. അവൾക്ക് സ്വന്തം മൂല്യത്തെക്കുറിച്ച് സംശയം തോന്നിയിരിക്കാം.

ഇതോടൊപ്പം, നിരാശയും അവളുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു. ചികിത്സകൾ ഫലിക്കാത്തത് അവളുടെ പ്രതീക്ഷകളെ ഒന്നൊന്നായി തകർത്തിരിക്കാം. “തനിക്ക് രോഗസൗഖ്യമുണ്ടാകുമോ?” എന്ന ചോദ്യം അവളുടെ ഹൃദയത്തിൽ പലവട്ടം ഉയർന്നിരിക്കാം. പ്രതീക്ഷയില്ലാത്ത അവസ്ഥ മനുഷ്യനെ ആത്മീയമായും മാനസികമായും ഇരുട്ടിലേക്ക് നയിക്കും.

അവൾ ഒറ്റപ്പെട്ട ജീവിതം നയിച്ചിരിക്കാമെന്ന് നമുക്ക് കരുതാം. കുടുംബബന്ധങ്ങൾ പോലും അകന്നിരിക്കാം. അടുത്ത ബന്ധുക്കൾ പോലും അവളോട് ഇടപഴകാൻ ഭയപ്പെട്ടിരിക്കാം. സമൂഹത്തിൽ അംഗീകാരം ഇല്ലാത്ത അവസ്ഥ ഒരാളുടെ മനസ്സിനെ ആഴത്തിൽ വേദനിപ്പിക്കും. മനുഷ്യന് ജീവിക്കാൻ ആവശ്യമായിട്ടുള്ളത് ഭക്ഷണവും വസ്ത്രവും മാത്രമല്ല; സ്നേഹവും അംഗീകാരവുമാണ്. എന്നാൽ അവൾക്ക് ഇവ രണ്ടും നഷ്ടമായിരിക്കാം.

അങ്ങനെ നോക്കുമ്പോൾ, അവളുടെ ജീവിതം ശാരീരിക രോഗത്തിന്റെ മാത്രമല്ല; അത് സാമൂഹിക ഒറ്റപ്പെടലിന്റെയും ആത്മവിശ്വാസ നഷ്ടത്തിന്റെയും മാനസിക വേദനയുടെയും ആയിരുന്നു. ഈ ഇരുണ്ട സാഹചര്യത്തിലാണ് അവളുടെ വിശ്വാസത്തിന്റെ പ്രകാശം പിന്നീട് തെളിഞ്ഞത് എന്നതാണ് ഈ സംഭവത്തിന്റെ ഗൗരവം.

**3. യേശുവിനെക്കുറിച്ചുള്ള അവളുടെ വിശ്വാസം**

അവളുടെ ജീവിതം ഇരുണ്ടതും പ്രത്യാശകുറഞ്ഞതുമായപ്പോൾ ഒരു ദിവസം അവൾ യേശുക്രിസ്തുയെക്കുറിച്ച് കേട്ടു. അന്ധർക്കു കാഴ്ച ലഭിച്ചതും, കുഷ്ഠരോഗികൾ ശുദ്ധീകരിക്കപ്പെട്ടതും, ദുർബലർ ശക്തരായതും അവൾ കേട്ടിരിക്കാം. ഈ വാർത്തകൾ അവളുടെ മനസ്സിൽ ഒരു പുതിയ പ്രത്യാശയുടെ കിരണം തെളിയിച്ചു.

ഇത്രയും വർഷങ്ങളായി വൈദ്യന്മാരെയും ചികിത്സകളെയും ആശ്രയിച്ചിട്ടും ഫലം കണ്ടില്ലെങ്കിലും, യേശുവിനെക്കുറിച്ചുള്ള ഈ വിവരം അവൾക്ക് വ്യത്യസ്തമായ അനുഭവമായി തോന്നി. അത് വെറും ഒരു വൈദ്യന്റെ കഴിവിലുള്ള വിശ്വാസമല്ലായിരുന്നു; ദൈവിക ശക്തിയിൽ ഉള്ള ഒരു വിശ്വാസമായിരുന്നു. “അവന്റെ വസ്ത്രത്തിന്റെ അറ്റം മാത്രം തൊട്ടാൽ മതി; ഞാൻ സുഖം പ്രാപിക്കുമെന്ന് അവൾ മനസ്സിൽ ഉറപ്പിച്ചു.” ഈ വാക്കുകൾ അവളുടെ ഹൃദയത്തിലെ ഉറച്ച വിശ്വാസത്തെ പ്രകടിപ്പിക്കുന്നു. അവൾ യേശുവിനോട് നേരിട്ട് അഭ്യർത്ഥിക്കാനുള്ള ധൈര്യം കാണിച്ചില്ല. കാരണം അവൾ “അശുദ്ധ”യായി കണക്കാക്കപ്പെട്ടിരുന്നതിനാൽ ജനക്കൂട്ടത്തിനിടയിൽ പരസ്യമായി നിൽക്കാൻ ഭയപ്പെട്ടു. ആളുകൾ അവളെ തിരിച്ചറിഞ്ഞാൽ അവൾക്ക് നിന്ദയും കുറ്റപ്പെടുത്തലും നേരിടേണ്ടി വന്നേക്കാം. അതിനാൽ അവൾ നിശ്ശബ്ദമായും രഹസ്യമായും യേശുവിന്റെ അടുത്തേക്ക് എത്താൻ തീരുമാനിച്ചു.

ജനക്കൂട്ടം യേശുവിനെ ചുറ്റി നിന്നപ്പോൾ, അവൾ പിന്നിൽ നിന്ന് മുന്നോട്ടു നീങ്ങി. അവളുടെ മനസ്സിൽ ഒരേസമയം ഭയവും പ്രത്യാശയും ഉണ്ടായിരിക്കാം. “ഇത് എന്റെ അവസാന അവസരമാകാം” എന്ന ചിന്ത അവളെ മുന്നോട്ട് നയിച്ചിരിക്കാം. ഒടുവിൽ അവൾ യേശുവിന്റെ വസ്ത്രത്തിന്റെ അറ്റം സ്പർശിച്ചു. പുറത്തുനിന്ന് നോക്കുമ്പോൾ അത് വളരെ ചെറിയ ഒരു പ്രവൃത്തിപോലെ തോന്നാം. ഒരു വസ്ത്രത്തിന്റെ അറ്റം സ്പർശിക്കുന്നത് വലിയ കാര്യമല്ലെന്ന് തോന്നാം. എന്നാൽ ആ സ്പർശത്തിന്റെ പിന്നിൽ അവളുടെ പന്ത്രണ്ടു വർഷത്തെ വേദനയും നിരാശയും ഒളിഞ്ഞിരുന്നു. ഒപ്പം അവളുടെ ഹൃദയത്തിൽ വളർന്ന ദൃഢമായ വിശ്വാസവും ഉണ്ടായിരുന്നു.

അവൾ വിശ്വസിച്ചത് യേശുവിന്റെ വസ്ത്രത്തിലല്ല, അവന്റെ ശക്തിയിലായിരുന്നു. “സ്പർശം” അവളുടെ വിശ്വാസത്തിന്റെ പ്രകടനമായിരുന്നു. അവൾ ശബ്ദമുയർത്തിയില്ല; പൊതുവേദിയിൽ പ്രാർത്ഥിച്ചില്ല; പക്ഷേ അവളുടെ ഹൃദയം മുഴുവൻ വിശ്വാസത്തിൽ നിറഞ്ഞിരുന്നു. ഇതിലൂടെ നമ്മൾ മനസ്സിലാക്കുന്നത്, സത്യമായ വിശ്വാസം പലപ്പോഴും പുറമേ കാണിക്കപ്പെടാത്തതായിരിക്കും. അത് ഹൃദയത്തിന്റെ ആഴത്തിൽ ഉണ്ടാകുന്ന ഉറച്ച പ്രത്യാശയാണ്. അവളുടെ ചെറിയ സ്പർശം വലിയ അത്ഭുതത്തിന് വഴിതെളിച്ചു. അവളുടെ ജീവിതത്തിലെ ഏറ്റവും ഇരുണ്ട ഘട്ടത്തിൽ വിശ്വാസം പ്രകാശമായി തെളിഞ്ഞ നിമിഷമായിരുന്നു അത്.

**4. അദ്ഭുതകരമായ സൗഖ്യം**

ജനക്കൂട്ടത്തിനിടയിൽ നിന്നുകൊണ്ട് അവൾ യേശുവിന്റെ വസ്ത്രത്തിന്റെ അറ്റം സ്പർശിച്ച നിമിഷം തന്നെ ഒരു അത്ഭുതം സംഭവിച്ചു. പന്ത്രണ്ടു വർഷമായി അവളെ വേദനിപ്പിച്ചിരുന്ന രക്തസ്രാവം ഉടൻ നിലച്ചു. അവൾ തന്റെ ശരീരത്തിൽ ഒരു മാറ്റം അനുഭവിച്ചു. ക്ഷീണവും ദുർബലതയും നിറഞ്ഞിരുന്ന അവസ്ഥയിൽ നിന്ന് പെട്ടെന്ന് ഒരു ശാന്തതയും സൌഖ്യവും അവൾ അനുഭവിച്ചു. ആ നിമിഷം അവളുടെ ജീവിതത്തിലെ ഏറ്റവും വലിയ വഴിത്തിരിവായിരുന്നു. വർഷങ്ങളായി നീണ്ട വേദന ഒരു നിമിഷത്തിൽ അവസാനിച്ചു.

അതേ സമയം യേശുക്രിസ്തുയും തന്റെ ഉള്ളിൽ നിന്ന് ശക്തി പുറപ്പെട്ടതായി മനസ്സിലാക്കി. ജനക്കൂട്ടം ചുറ്റിനിന്ന സാഹചര്യത്തിലായിരുന്നു അത്. എങ്കിലും യേശു പുരുഷാരത്തിന് നേരെ തിരിഞ്ഞു: “എന്നെ തൊട്ടത് ആർ” എന്ന് യേശു ചോദിച്ചു.?” ഈ ചോദ്യം കേട്ട് ശിഷ്യന്മാർ ആശ്ചര്യപ്പെട്ടു. ഇത്രയും ആളുകൾ തിക്കിത്തിരക്കുമ്പോൾ ഇങ്ങനെ ചോദിക്കുന്നത് എന്തിനാണെന്ന് അവർ ചിന്തിച്ചു. അവരുടെ കാഴ്ചപ്പാടിൽ പലരും യേശുവിനെ സ്പർശിച്ചിരുന്നു; എന്നാൽ വിശ്വാസത്തോടെ സ്പർശിച്ചത് ഒരാൾ മാത്രമാണെന്ന് യേശുവിന് അറിയാമായിരുന്നു.

യേശുവിന്റെ ചോദ്യം കേട്ടപ്പോൾ ആ സ്ത്രീ ഭയപ്പെട്ടു. അവൾ ചെയ്ത പ്രവൃത്തി രഹസ്യമായി തുടരണമെന്ന് അവൾ ആഗ്രഹിച്ചു. എന്നാൽ ഇപ്പോൾ തനിക്ക് മറഞ്ഞുനിൽക്കാൻ കഴിയില്ലെന്ന് അവൾ മനസ്സിലാക്കി. ഭയത്തോടെയും വിറയലോടെയും അവൾ മുന്നോട്ട് വന്നു. ജനക്കൂട്ടത്തിനുമുന്നിൽ അവൾ മുഴുവൻ സത്യവും പറഞ്ഞു. പന്ത്രണ്ടു വർഷത്തെ വേദനയും, തന്റെ വിശ്വാസവും, ഇപ്പോൾ ലഭിച്ച സൌഖ്യവും അവൾ തുറന്നു വെളിപ്പെടുത്തി. അപ്പോൾ യേശു അവളോട്: “മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തോടെ പോയി ബാധ ഒഴിഞ്ഞ് സ്വസ്ഥയായിരിക്ക എന്നു പറഞ്ഞു.” ഈ വാക്കുകൾ അവളുടെ ഹൃദയത്തിൽ ആഴത്തിൽ സ്പർശിച്ചിരിക്കണം. യേശു അവളെ “മകൾ” എന്ന് വിളിച്ചു. ഇത് വെറും ഒരു അഭിസംബോധനയല്ലായിരുന്നു; അവൾക്ക് മാനവും സ്നേഹവും അംഗീകാരവും തിരികെ നൽകുന്ന വാക്കായിരുന്നു അത്.

അവൾക്ക് ഇതിനകം ശാരീരിക സൌഖ്യം ലഭിച്ചിരുന്നു. എന്നാൽ യേശുവിന്റെ ഈ വാക്കുകൾ അവളുടെ ആത്മാവിനെയും സുഖപ്പെടുത്തി. സമൂഹത്തിൽ “അശുദ്ധ”യായി കണക്കാക്കപ്പെട്ടിരുന്ന അവൾ, ഇപ്പോൾ ദൈവപുത്രന്റെ വായിൽ നിന്ന് “മകൾ” എന്ന സ്നേഹപൂർവ്വമായ വിളി കേട്ടു. അത് അവളുടെ സാമൂഹികവും ആത്മീയവുമായ പുനസ്ഥാപനത്തിന്റെ നിമിഷമായിരുന്നു. അങ്ങനെ, ഈ അദ്ഭുതം ശാരീരിക രോഗമുക്തി മാത്രമല്ല; അവളുടെ അഭിമാനവും ആത്മവിശ്വാസവും സമൂഹത്തിലെ സ്ഥാനവുമെല്ലാം തിരിച്ചുകിട്ടിയ ഒരു സമഗ്ര സൌഖ്യമായിരുന്നു. അവളുടെ വിശ്വാസം ഒരു ചെറിയ സ്പർശത്തിലൂടെ പ്രകടമായെങ്കിലും, അതിന്റെ ഫലം അവളുടെ ജീവിതം മുഴുവൻ മാറ്റിമറിച്ച മഹത്തായ അനുഭവമായി മാറി.

**5. ആത്മീയമായ അർത്ഥം**

രക്തസ്രാവക്കാരിയുടെ സംഭവം വെറും ഒരു ശാരീരിക രോഗസൗഖ്യത്തിന്റെ വിവരണം മാത്രമല്ല; അതിന് ആഴത്തിലുള്ള ആത്മീയ അർത്ഥവുമുണ്ട്. പന്ത്രണ്ടു വർഷം നീണ്ട അവളുടെ രക്തസ്രാവം അവളുടെ ശരീരത്തെ ദുർബലമാക്കിയതുപോലെ, ചിലർ ഇതിനെ മനുഷ്യന്റെ ആത്മീയാവസ്ഥയുമായി ഉപമിക്കുന്നു. ശരീരത്തിൽ നിന്നുള്ള രക്തനഷ്ടം ജീവശക്തിയെ ക്ഷയിപ്പിക്കുന്നതുപോലെ, പാപവും ആത്മീയമായി അകന്നു പോകുന്നതും മനുഷ്യന്റെ ആത്മാവിനെ ക്രമേണ ദുർബലമാക്കുന്നു എന്നൊരു ആത്മീയ വ്യാഖ്യാനം ഇവിടെ കാണാം. ഈ സ്ത്രീയുടെ അവസ്ഥ മനുഷ്യന്റെ ആത്മീയ ദുർബലതയുടെ പ്രതീകമായി കാണപ്പെടുന്നു. അവൾ പല മാർഗങ്ങളും പരീക്ഷിച്ചു, എന്നാൽ സൗഖ്യം ലഭിച്ചില്ല. അതുപോലെ തന്നെ മനുഷ്യൻ പലപ്പോഴും തന്റെ പ്രശ്നങ്ങൾക്ക് മനുഷ്യശക്തിയിലൂടെ പരിഹാരം തേടുന്നു; എന്നാൽ ആന്തരിക സമാധാനവും സമ്പൂർണ സൗഖ്യവും ലഭിക്കുന്നത് ദൈവകൃപയിലൂടെയാണ് എന്ന സന്ദേശം ഈ സംഭവത്തിൽ നിന്ന് വ്യക്തമാകുന്നു.

അവൾ യേശുവിന്റെ വസ്ത്രത്തിന്റെ അറ്റം സ്പർശിച്ചത് ഒരു ലളിതമായ പ്രവൃത്തിപോലെ തോന്നാം. എന്നാൽ അതിന് ആത്മീയമായ ഒരു ഗൗരവമുണ്ട്. യേശുക്രിസ്തുവിനെ സ്പർശിച്ചത് വെറും ശാരീരിക സ്പർശനം മാത്രമല്ല; വിശ്വാസത്തിന്റെ പ്രകടനമായിരുന്നു. അവളുടെ ഹൃദയം മുഴുവൻ വിശ്വാസത്തിൽ നിറഞ്ഞതിനാലാണ് ആ സ്പർശം സൌഖ്യത്തിലേക്ക് നയിച്ചത്.

ഇതിലൂടെ നമ്മൾ മനസ്സിലാക്കുന്നത്, വിശ്വാസം ദൈവത്തോട് അടുപ്പിക്കുന്ന ശക്തിയാണ് എന്നതാണ്. വിശ്വാസം ഒരു വികാരം മാത്രമല്ല; അത് ദൈവത്തിൽ ആശ്രയിക്കുന്ന ആത്മീയ തീരുമാനമാണ്. യേശുവിനെ സ്പർശിച്ചതിലൂടെ അവൾ തന്റെ വിശ്വാസം പ്രവൃത്തിയിൽ പ്രകടിപ്പിച്ചു. അതുവഴി അവൾ ശാരീരികമായും ആത്മീയമായും സൌഖ്യം അനുഭവിച്ചു.

അതുകൊണ്ട് ഈ സംഭവം നമ്മെ ആന്തരിക പരിശോധനയ്ക്ക് ക്ഷണിക്കുന്നു. നമ്മുടെ ജീവിതത്തിൽ നമ്മെ ക്ഷയിപ്പിക്കുന്ന “ആത്മീയ രക്തസ്രാവങ്ങൾ” എന്തൊക്കെയാണെന്ന് ചിന്തിക്കാൻ ഇത് സഹായിക്കുന്നു. അവയിൽ നിന്ന് മോചനം നേടാൻ ദൈവത്തോട് അടുക്കേണ്ടതിന്റെ ആവശ്യകത ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു. വിശ്വാസത്തോടെ ദൈവത്തെ സമീപിക്കുമ്പോൾ സമാധാനവും പുതുജീവിതവും അനുഭവിക്കാമെന്ന ആത്മീയ സത്യമാണ് ഈ സംഭവത്തിന്റെ ആഴത്തിലുള്ള സന്ദേശം.

രക്തസ്രാവക്കാരിയുടെ ജീവിതം ഒരു സ്ത്രീയുടെ ദു:ഖഭരിതമായ ജീവിതത്തിൽ നിന്നും സന്തോഷത്തിലേക്ക് നീങ്ങുന്ന അത്യന്തം ഹൃദയസ്പർശിയായ യാത്രയാണ്. പന്ത്രണ്ടു വർഷത്തെ നിരന്തരം അനുഭവിച്ച വേദന അവളുടെ ശരീരത്തെയും മനസ്സിനെയും തീരെ ക്ഷയിപ്പിച്ചിരുന്നെങ്കിലും, ഒരു നിമിഷത്തിൽ യേശുവിന്റെ സാന്നിധ്യവും അവളുടെ വിശ്വാസവും വഴി ആ വേദന അവസാനിപ്പിച്ചു. ശാരീരിക രോഗസൗഖ്യം മാത്രമല്ല, അതിനൊപ്പം അവളുടെ ആത്മാവും, ആത്മാഭിമാനവും, സാമൂഹിക സ്ഥാനവും പുനഃസ്ഥാപിക്കപ്പെട്ടു.

ഈ അദ്ഭുതത്തിന് പിന്നിൽ അവളുടെ ദൃഢമായ വിശ്വാസം സുപ്രധാനമായ പങ്ക് വഹിച്ചു. അവൾ ഭയത്തെയും ലജ്ജയെയും മറികടന്ന് മുന്നോട്ട് നീങ്ങി; അതുവഴി വിശ്വാസത്തിന്റെ ശക്തി പ്രകടമായി. ഈ അനുഭവം നമ്മെ പഠിപ്പിക്കുന്നത്, ജീവിതത്തിൽ പ്രതിസന്ധികളുള്ളപ്പോൾ പോലും വിശ്വാസം കൈവിടരുതെന്നതാണ്. വിശ്വാസം ഉണ്ടെങ്കിൽ പ്രത്യാശ ഉണ്ടാകുമെന്നും, പ്രത്യാശ ഉള്ളിടത്ത് ജീവിതം മാറ്റപ്പെടാൻ സാധ്യതയുണ്ടെന്നും ഈ സംഭവം തെളിയിക്കുന്നു.

അതുകൊണ്ട് രക്തസ്രാവക്കാരിയുടെ സംഭവം ഇന്നും സമകാലിക വിശ്വാസികൾക്കുള്ള പ്രചോദനമായി നിലകൊള്ളുന്നു. ജീവിതത്തിലെ ഇരുട്ടും നിരാശയും നമ്മെ വിഴുങ്ങാതിരിക്കാൻ, വിശ്വാസത്തിന്റെ വെളിച്ചം പ്രചരിപ്പിക്കാൻ ഈ സംഭവം നമ്മെ പ്രേരിപ്പിക്കുന്നു.



## നഴ്സുമാരുടെ ശമ്പള പരിഷ്കരണവുമായി പരുമല ആശുപത്രി

പരിശുദ്ധ കാതോലിക്കാ ബാവായുടെ അധ്യക്ഷതയിൽ ചേർന്ന പരുമല ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി യോഗത്തിൽ വെച്ച് തീരുമാനിച്ച പ്രകാരമുള്ള, നഴ്സുമാരുടെ ശമ്പള വർദ്ധനവ് സംബന്ധിച്ച ധാരണാപത്രം ആശുപത്രി സി ഇ ഓ ഫാദർ എം.സി പൗലോസ് സീനിയർ നഴ്സിംഗ് സ്റ്റാഫ് പ്രതിനിധികളായ ശ്രീ. സുജിത്ത് കെ ജോർജ്, ശ്രീ. സാം കെ മാത്യു എന്നിവർക്ക് കൈമാറുന്നു.

## കാഞ്ഞിരമറ്റം പള്ളി: ഹർജി തള്ളി

കൊച്ചി: കാഞ്ഞിരമറ്റം സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് സുറിയാനി പള്ളിയുമായി ബന്ധപ്പെട്ട എറണാകുളം ജില്ലാ കോടതിയിലെ കേസ് സ്റ്റേ ചെയ്യണമെന്ന വിഘടിത വിഭാഗത്തിന്റെ ആവശ്യം കോടതി തള്ളി. മലങ്കര സഭയ്ക്ക് വേണ്ടി അഡ്വ. പോൾ കുര്യാക്കോസ്, അഡ്വ. ഹണി പി നായർ എന്നിവർ ഹാജരായി.



**ജോസഫ് എം. പുതുശ്ശേരിയുടെ പുസ്തകം ‘കണ്ടും കേട്ടും നടന്നും പറഞ്ഞും...’ അഡ്വ ഫിൽസൺ മാത്യൂസിനു നൽകി പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ പ്രകാശനം നിർവഹിക്കുന്നു. സമീപം ജോസഫ് എം. പുതുശ്ശേരി.**

## പുതുശ്ശേരിയുടെ പുസ്തകം പുറത്തിറങ്ങി

തിരുവനന്തപുരം: ജോസഫ് എം. പുതുശ്ശേരിയുടെ ഏഴാമ ത്തെ പുസ്തകം ’കണ്ടും കേ ട്ടും നടന്നും പറഞ്ഞും... പുറത്തിറങ്ങി. പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ പ്രകാശനം നിർവഹിച്ചു. അഡ്വ. ഫിൽസൺ മാത്യുസ് പുസ്തകം ഏറ്റുവാങ്ങി. 25 ലേഖനങ്ങളുടെ സമാഹാരമാണു പുസ്തകം. ഇതിൽ 22 എണ്ണവും മെട്രൊ വാർത്ത ദിനപത്രത്തിലെ വീണ്ടു വിചാരം എന്ന പംക്തിയിൽ വന്നതാണ്. മൂന്നെണ്ണം ദീപിക പ്രസിദ്ധീകരിച്ചത്. കോതമംഗലം സൈകതം ബുക്സ് ആണ് പുസ്തക പ്രകാശനം നിർവഹിച്ചിരിക്കുന്നത്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം

# വലിയ നോമ്പിലെ അഞ്ചാം ഞായറാഴ്ച

## (ലൂക്കോസ് 13:10-17)



ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

നോമ്പുകാലങ്ങളിൽ ധ്യാനിക്കുന്നതും അല്ലാത്തതുമായ കർത്താവിൻറെ എല്ലാ സൗഖ്യദാനങ്ങളും സൃഷ്ടാവ് സൃഷ്ടിയോട് പ്രകടിപ്പിക്കുന്ന വാൽസല്യത്തിന്റെയും സ്നേഹത്തിന്റെയും അടയാളങ്ങളായി വേണം മനസ്സിലാക്കുവാൻ. സൗഖ്യങ്ങൾക്ക് ഓരോന്നിനും അതിൻറെതായ സവിശേഷതകൾ ഉണ്ട്. രോഗിയുടെ അഭ്യർത്ഥനപ്രകാരവും കൊണ്ടു വന്നവരുടെ വിശ്വാസത്തെ പ്രതിയും ഒക്കെയാണ് ഈ സൗഖ്യങ്ങൾ നടക്കുക. എന്നാൽ ഇന്ന് നാം ധ്യാനിക്കുന്ന വിശുദ്ധ വേദഭാഗം 18 വർഷമായി കൂനിയായി ജീവിച്ചിരുന്നവളെ കണ്ടു അവളോട് മനസ്സലിഞ്ഞ് കർത്താവ് നൽകുന്ന സൗഖ്യമാണ്. വൈകല്യമുള്ള സൃഷ്ടിയെ പൂർണ്ണമാക്കുവാൻ ആഗ്രഹിക്കുന്ന വാത്സല്യവാനായ പിതാവിൻറെ ചിത്രമാണ് കർത്താവിൽ നാം കാണുന്നത്.

ഒരു വ്യക്തിയുടെ ശരീരത്തിന്റെ അവസ്ഥയ്ക്ക് മാറ്റം വരുന്നു എന്നുള്ളതിനെക്കാളുപരി ഒരു സമൂഹത്തിൻറെ സൗഖ്യമായി വേണം ഈ സംഭവത്തെ മനസ്സിലാക്കുവാൻ. കൂനിയുടെ കൂന് നിവരുന്നതിനൊപ്പം ചുറ്റും നിന്നവരുടെ മനസ്സിന്റെയും ആത്മാവിന്റെയും സൌഖ്യം കൂടിയാണ് സംഭവിക്കുന്നത്. പതിനേഴാം വാക്യത്തിൽ പറയുന്നത് അവൻറെ പ്രതിയോഗികൾ എല്ലാം ലജ്ജിതരായി; ജനക്കൂട്ടം മുഴുവനും അവൻ ചെയ്തിരുന്ന മഹനീയകൃത്യങ്ങളെ കുറിച്ച് സന്തോഷിച്ചു എന്നാണ്.

### ദൈവരാജ്യത്തിലേക്കുള്ള പ്രവേശനത്തിന്റെ അടയാളം

സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്ന് പ്രസംഗിച്ച് തന്റെ ജീവിതം തുടങ്ങിയ കർത്താവ് തന്റെ വരവിന്റെ പരമമായ ഉദ്ദേശം തന്നെ നസറത്ത് പ്രസംഗത്തിലൂടെ വെളിപ്പെടുത്തുന്നുണ്ട്. "ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവു എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവു എന്റെമേൽ ഉണ്ടു; ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും


കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു. ”വിമോചനവും സ്വാതന്ത്ര്യവും ആണ് ദൈവരാജ്യ പ്രവേശനത്തിന്റെ രണ്ട് സവിശേഷതകൾ. 18 വർഷത്തെ സാത്താന്റെ ബന്ധനം ആയിട്ടാണ് ഈ സ്ത്രീയുടെ കൂനിനെ കർത്താവ് സൂചിപ്പിക്കുന്നത്.

ദൈവരാജ്യ പ്രസംഗത്തിന്റെ പ്രയോഗവൽക്കരണം കർത്താവ് നടത്തുമ്പോൾ ദൈവരാജ്യത്തിലെ അംഗങ്ങൾക്ക് ഉണ്ടാവേണ്ട രൂപാന്തരവും(ൗൃമിളീൃാമശേീി) പൂർണതയും(ജലൃളലരശേീി) ഇവർക്ക് ലഭിക്കുന്നു എന്നത് ശ്രദ്ധേയമാണ്.

കൂനിയുടെ സൗഖ്യം വളരെ പ്രതീകാത്മകമായ ഒന്നാണ്. ആദം ചെയ്ത പാപത്തിന്റെ ഫലം സർവ്വ സർവ്വമാനവകുലത്തിലേക്കും പകർന്നിരിക്കുന്നു എന്ന് പരിശുദ്ധനായ പൗലോസ് ശ്ലീഹാ റോമാ ലേഖനത്തിൽ പറയുന്നു(റോമർ 5:12). അങ്ങനെയെങ്കിൽ പാപക്കൂന് മൂലം നിവരുവാൻ കഴിയാതെ പോയ സ്ത്രീ സർവ്വമാനവകുലത്തിന്റെയും പാപത്തിന്റെ പ്രതീകമാണ്. ഏകന്റെ പാപത്താൽ അധപതിച്ചു പോയ സർവ്വരേയും യേശുക്രിസ്തുവിൽ ആരംഭിക്കുന്ന ദൈവരാജ്യത്തിന്റെ പുതു യുഗത്തിൽ ന്യൂനതകൾ ഇല്ലാതെ അവൻ കൂട്ടിച്ചേർക്കുന്നുവെന്ന് ഈ സംഭവം നമ്മെ ഓർമ്മപ്പെടുത്തുന്നു. (റോമർ 5:17)

### ദൈവരാജ്യത്തിൻറെ സാർവ്വത്രികതയുടെ അടയാളം

ഏറെ വിവേചനങ്ങൾ നിലവിൽ ഉണ്ടായിരുന്ന യഹൂദ സമൂഹത്തിൽ




അബ്രഹാമിന്റെ മകളായ ഒരു സ്ത്രീയെ അതും ദുരാത്മാവ് ബാധിച്ചു കൂനിയായ ഒരുവളെ സമൂഹത്തിനു മുമ്പിലേക്ക് കരം പിടിച്ചുയർത്തുമ്പോൾ ദൈവരാജ്യത്തിന്റെ സാർവ്വത്രികതയാണ് കർത്താവ് ഉയർത്തിക്കാട്ടുന്നത്. ക്രിസ്തു വിഭാവനം ചെയ്യുന്ന ദൈവരാജ്യത്തിൽ ഒന്നിന്റെയും പേരിലുള്ള വിവേചനങ്ങൾ പാടില്ല എന്നത് ഈ വേദഭാഗം മുൻപോട്ട് വയ്ക്കുന്ന ശക്തമായ ചിന്തകളിൽ ഒന്നാണ്. സൗഖ്യം പ്രാപിച്ചവളെ ചുറ്റുമുള്ള നിയമാധിഷ്ഠിതമായ സമൂഹം വിമർശിക്കുമ്പോൾ ദൈവരാജ്യ നിയമങ്ങൾ ആത്യന്തികമായി മനുഷ്യനുവേണ്ടിയുള്ളതാണ് എന്ന് കർത്താവ് അടിവരയിടുകയും ചെയ്യുന്നുണ്ട്.

പുരുഷമേധാവിത്വം കൊടികുത്തി വാണ കാലത്ത് സ്ത്രീയും ദൈവരാജ്യത്തിന് അവകാശി ആണെന്ന് ക്രിസ്തു പ്രഖ്യാപിക്കുകയാണ്. ദൈവം തങ്ങളുടേത് മാത്രമെന്ന് പുലമ്പിയ ഒരു ജനക്കൂട്ടത്തോട് താൻ ലോകത്തിൻറെ മുഴുവൻ രക്ഷകനാണെന്ന് ക്രിസ്തു വിളിച്ചു പറയുകയാണ്. അതുകൊണ്ടുതന്നെ ആകാം വിശുദ്ധ ലൂക്കോസ് തന്റെ സുവിശേഷത്തിൽ ഉടനീളം ദൈവ രാജ്യത്തിൻറെ സാർവ്വത്രികതയുടെ ഭാഗമായി തള്ളപ്പെട്ടവരായ നല്ല ശമരിയാക്കാരനെയും ശതാധിപന്റെ ഭൃത്യനെയും മറ്റും സംശയലേശമെന്യേ അവതരിപ്പിക്കുന്നത്.

ആധുനിക കാലത്ത് പണത്തിന്റെയോ മതത്തിൻറെയോ ലിംഗത്തിന്റെയോ ജാതിയുടെയോ ഭാഷയുടെയോ അങ്ങനെ യാതൊരു തരത്തിലും ഉള്ള വിവേചനങ്ങൾ ഇല്ലാതെ സർവ്വത്രികമായ ദൈവരാജ്യ നിർമ്മിതിക്കായി അണിചേരുവാൻ ഈ വേദഭാഗം താല്പര്യപ്പെടുന്നുണ്ട്. എല്ലാവരെയും ചേർത്തു പിടിക്കുക (കിരഹൗശ്ലിലൈ ) എന്നത് ദൈവ രാജ്യത്തിൻറെ മറ്റൊരു സവിശേഷതയാണ്. ബന്ധനങ്ങളിൽ നിന്നുള്ള സ്വാതന്ത്ര്യം ക്രിസ്തുവിൽ ഒന്നാകുവാനുള്ള സ്വാതന്ത്ര്യം ആണ് പരിശുദ്ധനായ പൗലോശ്ലീഹാ ഓർമിപ്പിക്കുന്നു, "അതിൽ യെഹൂദനും യവനനും എന്നില്ല; ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും എന്നുമില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ. ക്രിസ്തുവിന്നുള്ളവർ എങ്കിലോ നിങ്ങൾ അബ്രാഹാമിന്റെ സന്തതിയും വാഗ്ദത്തപ്രകാരം അവകാശികളും ആകുന്നു. (ഗലാത്യർ 3: 28-29) ❑

Church Calendar



# Dear Woman, your are set free from your sickness

## Fifth Sunday of the Great Lent (St. Luke 13:10–17)

**Philipose Ramban**
(Jyothis Ashram, Abu Road, Rajasthan)

The holy days of Great Lent are moving towards their completion. The scripture portion arranged by the Church fathers for meditation on the fifth Sunday of Great Lent is from St. Luke 13:10–17. During the earthly ministry of our Lord, He granted healing to many from various diseases. However, today's subject of meditation is an event that stands out as unique among those healing ministries.

For eighteen years, a woman bound by an evil spirit was bent over and could not straighten herself up at all. The Lord grants her healing. What makes this healing different from others? Here, neither the patient nor anyone with her requests healing. Instead, Christ sees her, feels compassion for her, and heals her. Christ teaches us through this action: "Your Heavenly Father knows what you need even before you ask."

**The Blessing of Looking Upwards**

To be able to look up toward Him is a great blessing. One factor that distinguishes humans from other creations is the ability to stand erect and look up. "Worshipping while standing erect" is a great excellence in the Eastern tradition. During the feast of Pentecost, we pray, "Make us worthy to pray standing erect." All canonical prayers (Yamaprarthana) begin and end with the "Kauma" (standing) prayer.

Scripture says, "Those who looked to Him were radiant; their faces were never covered with shame." To look towards the face of God and be enlightened by that glory is why our physical structure is designed to stand upright.

Here our journey is through the days of Great Lent. Closely linked with the Mid-Lent prayers, we observe 40 prostrations (prostrating and rising). Each time we prostrate before the glory of God and then stand up, we lift our eyes toward the sacred wounds of the Lord on the Cross.

Standing straignt is essential not only physically but also spiritually. We live in a world of crooked paths, wrong stances, and twisted thoughts. We are in the world, but we are not of the world. This thought must always govern us. If our paths are His, and our stances are of truth, righteousness, and correctness, then no mockery or insults from anyone can affect us.

In an age where social media reigns, our thoughts are often buried in artificial phone screens looking downward. Our quests should not be for the things below in the world, but for the things above in the heights. During the Holy Qurbana, the call, "Let our minds, thoughts, and hearts be in the heights in the presence of God the Father", is an exhortation and a reminder for our daily life discipline.

**Overcoming Physical Struggles**

This miraculous act takes place on a Sabbath day, in a synagogue. Jesus, our Lord was there proclaiming the Word of God. In the context of Jewish life, it was during the period of exile that synagogue worship and the preaching



of the Word gained more influence and perhaps became an indispensable element of their religious life. The observance of the Sabbath, gained more importance and became more vibrant, specifically against the backdrop of life in exile.

Eighteen years is not a short period. This long duration of illness provided her with enough time and circumstances to blame God for her condition or to withdraw from worship. We are people who become deeply concerned even when small wounds occur on our bodies. In such a state, for nearly two decades, how deep must have been the physical and mental pain of that woman who remained bent over, unable to stand straight? Yet, none of that had the power to extinguish her spiritual fervor.

We live in a time where people look for reasons like "the length of the worship service is increasing" or "it is difficult to travel" to avoid coming to the church, or where a large section of those who do come recommend cutting the time short. The moment of worship is a rare occasion where Heaven and Earth, and the heavenly and earthly beings, meet together. It is the exalted time when the creation, along with the Creator, submits its soul and body and rejoices.

In this instance, that woman was only able to see and hear Christ; however, we are blessed with the rare fortune of also experiencing His Sacred Body and Blood. The Lord, who saw the woman who was bent over, had compassion on her and gave her healing from her disease. When that same Lord comes into us, transformed in the form of Bread and Wine as the Sacred Body and Blood, we must be able to receive Him with that same fervor, leaving worldly desires behind to be united with Him.

In this blessed journey of Holy Lent, beyond physical exhaustion and tiredness, let the spiritual fervor within us shine brightly. Looking towards His Divine Face, may God's grace strengthen us to live free from the sins that enslave both the soul and the body. ❑

# സർക്കസും പോരാട്ടവും: കാഴ്ചയിൽ ചിരി, ഉള്ളിൽ സമരം

ഫാ. അജീഷ് ബാബു

സർക്കസും പോരാട്ടവുമാണ് ജീവിതം. ആർക്കും പരസ്പരം നഷ്ടമാകും വരെ ആരേയും മനസ്സിലാവില്ല..., സർക്കസിലെ ഓരോ നിറവേഷത്തിനുള്ളിലും ഒരു നിസ്സഹായത ഉണ്ട്. ഓരോ ചിരിയുടെയും അടിയിൽ ഒരു വിള്ളൽ. മനുഷ്യനെ ചിരിയുടെ വേഷത്തിൽ മാത്രം കാണാതെ, അവന്റെ മൌനത്തെ കേൾക്കാൻ പഠിക്കുമ്പോൾ മാത്രമേ നാം കരുണയുടെ വഴി പിടിക്കൂ. കാരണം, സർക്കസ് അവസാനിക്കുമ്പോൾ, വെളിച്ചങ്ങൾ അണയുമ്പോൾ, കൈയടികൾ മങ്ങുമ്പോൾ അവശേഷിക്കുന്നത് മനുഷ്യൻ മാത്രമാണ്. അവന്റെ മൗനവും, അവന്റെ വേദനയും, അവന്റെ സത്യവും. സർക്കസ് ഒരു വൃത്തമാണ്. ആ വൃത്തത്തിനുള്ളിൽ മനുഷ്യൻ സ്വയം മറക്കേണ്ടിവരുന്നു. അവന്റെ വീഴ്ച പോലും ഒരു കളിയാക്കപ്പെടുന്നു. കയറിന്മേൽ നടന്ന് തുലനം പാലിക്കുന്ന ആ നടൻ, ജീവിതത്തിന്റെ കയറിലും അങ്ങനെ തന്നെയല്ലേ നടക്കുന്നത്? താഴേക്ക് വീഴാനുള്ള ഭയം അവന്റെ ഓരോ ചുവടിനെയും വിറപ്പിക്കുന്നു. പക്ഷേ കാണികൾക്ക് അത് ഒരു ആവേശമാണ്. അവർക്കു അപകടം വിനോദം; അവനു അത് അസ്തിത്വത്തിന്റെ അതിരുകൾ. എന്നാൽ സർക്കസിന്റെ കളിക്കളങ്ങളിൽ അതിൽ ആടുന്നവർക്ക് അതൊരു പോരാട്ടമാണ്.

സർക്കസ് എന്ന വാക്ക് കേൾക്കുമ്പോൾ നമ്മൾക്കു മുൻപിൽ തുറക്കുന്നത് മനസ്സിനെ കീഴടക്കുന്ന നിറങ്ങൾ, മനുഷ്യശരീരത്തിന്റെ വഴക്കം, കൈയടി മുഴങ്ങുന്ന ഗാലറികൾ, മരണത്തെ വെല്ലുന്ന ചിരികൾ, ചങ്ങലയിലകപ്പെട്ട മൃഗങ്ങൾ, കയറിന്മേൽ നടന്ന് തുലനം പാലിക്കുന്ന മനുഷ്യർ എല്ലാം ഒരു നാടകീയ വൃത്തത്തിനുള്ളിൽ. ആ വൃത്തം തന്നെയാണ് സർക്കസ്. അതിന്റെ മധ്യത്തിൽ ഒരാൾ നിൽക്കും; അവൻ ചിരിക്കുമ്പോൾ ജനക്കൂട്ടം കൈയടിക്കും; അവൻ വീണാൽ പോലും അത് വിനോദത്തിന്റെ ഭാഗമാകും.

പക്ഷേ, പോരാട്ടം അത്ര വർണാഭമല്ല. പോരാട്ടത്തിന് സ്പോട്ട്ലൈറ്റ് വേണ്ട. അത് അകത്താണ് നടക്കുന്നത് ആത്മാവിന്റെ ഇരുണ്ട വൃത്തത്തിനുള്ളിൽ. നോമ്പുകാലം നമ്മെ ഈ അകത്തെ വൃത്തത്തിലേക്ക് വിളിച്ചുവരുത്തുന്നു. പുറത്തുള്ള സർക്കസിന്റെ കൈയടികളിൽ നിന്ന് അകന്ന്, ആത്മാവിന്റെ പോരാട്ടത്തിലേക്ക് ഇറങ്ങാൻ. സർക്കസ് ഒരു കാഴ്ചയാണ്; പോരാട്ടം ഒരു സാക്ഷ്യം. സർക്കസിൽ മനുഷ്യൻ തന്റെ വേദന മറച്ചു ചിരിക്കുന്നു; പോരാട്ടത്തിൽ അവൻ തന്റെ സത്യത്തെ തുറന്നു കാണിക്കുന്നു. നോമ്പുകാല ക്രിസ്തു ബോധം എന്നത്, ഈ രണ്ടിനിടയിലെ വ്യത്യാസം തിരിച്ചറിയാനുള്ള ആത്മീയ ജാഗ്രതയാണ്.

യേശു മരുഭൂമിയിൽ നാല്പത് ദിവസം ഉപവസിച്ചപ്പോൾ അത് ഒരു കാഴ്ചയല്ലായിരുന്നു. ആരും കൈയടിച്ചില്ല. ആരും ലൈറ്റുകൾ തെളിച്ചില്ല. അത് മനുഷ്യന്റെ ഉള്ളിലെ വിശപ്പിനോടുള്ള ഒരു പോരാട്ടമായിരുന്നു. അപ്പം മാത്രമല്ല മനുഷ്യനെ നിലനിറുത്തുന്നത്, എന്നുള്ള തിരിച്ചറിവിലേക്ക് മനുഷ്യചരിത്രത്തെ വിളിച്ചുണർത്തിയ ഒരു നിർവ്യാജ സമരം.

ഇന്നത്തെ ലോകം പലപ്പോഴും ആത്മീയതയെ ഒരു സർക്കസാക്കി മാറ്റുന്നു. വിശ്വാസം പോലും ഒരു പ്രകടനമായി മാറുന്നു. പ്രാർത്ഥനകൾ ലൈവായി സംപ്രേഷണം ചെയ്യപ്പെടുന്നു; ദാനം പകർത്തി പോസ്റ്റ് ചെയ്യപ്പെടുന്നു; കരുണ പോലും കാഴ്ചവെപ്പായി മാറുന്നു. എന്നാൽ നോമ്പുകാലം നമ്മെ ഓർമ്മിപ്പിക്കുന്നത്, യഥാർത്ഥ വിശ്വാസം ഒരു മൌന പോരാട്ടമാണെന്ന്. അത് കയറിന്മേൽ നടക്കുന്ന പ്രകടനം അല്ല; അത് മുള്ളുകൾക്കുമേൽ നടക്കുന്ന യാത്രയാണ്.

ദൈവജനത്തിന്റെ ജീവിതാനുഭവം ഒരു സർക്കസ് കഥയല്ല; മറിച്ച് മനുഷ്യന്റെ വീഴ്ചയും ഉയിർപ്പും ചേർന്ന ഒരു ദീർഘ പോരാട്ടത്തിന്റെ രേഖപ്പെടുത്തലാണ്. മനുഷ്യൻ സ്വയം ദൈവമാകാൻ ശ്രമിച്ചപ്പോൾ ആരംഭിച്ച ആന്തരിക സംഘർഷം, അനുതാപത്തിലൂടെ വീണ്ടെടുപ്പിലേക്ക് നീങ്ങുന്ന ആത്മയാത്രയായി മാറുന്നു.

സർക്കസിൽ സിംഹത്തെ ചങ്ങലയിലാക്കാം; പക്ഷേ മനുഷ്യന്റെ അഹങ്കാരത്തെ ചങ്ങലയിലാക്കാൻ കഴിയില്ല. അതിനാണ് നോമ്പിന്റെ ശിക്ഷണം. ശരീരത്തിന്റെ വിശപ്പിനെ കുറയ്ക്കുമ്പോൾ ആത്മാവിന്റെ ശബ്ദം കൂടുതൽ വ്യക്തമായി കേൾക്കാൻ തുടങ്ങുന്നു. ആ ശബ്ദം നമ്മോട് ചോദിക്കുന്നു: "നിന്റെ വിശ്വാസം ഒരു കാഴ്ചയോ, ഒരു പോരാട്ടമോ?"

യെരുശലേം നഗരത്തിലേക്ക് കഴുതപ്പുറത്ത് പ്രവേശിച്ച ക്രിസ്തുവിനെ ജനക്കൂട്ടം കൈയടിച്ച് സ്വീകരിച്ചു. ആ കാഴ്ച സർകസിനെപ്പോലെ തോന്നിയിരിക്കാം. "ഓശാന" എന്ന വിളികൾ, പക്ഷേ അതിനുള്ളിൽ അത് ഉറക്കവിളിക്കുന്നവന് പോരാട്ടത്തിന്റെ ആവേശം ഉണ്ട് എന്നുള്ളത് സത്യമാണ്. ഓശാനയിൽ താളമിട്ട ആഹ്ലാദം എല്ലാം ഒരു രാജാവിന്റെ വരവേൽപ്പ്. പക്ഷേ അതേ ജനക്കൂട്ടം



പിന്നീട് "കുരിശിലേറ്റുക" എന്ന് നിലവിളിച്ചു. സർക്കസിന്റെ കൈയടിയും ജനക്കൂട്ടത്തിന്റെ നിലവിളിയും ഒരേ വൃത്തത്തിനുള്ളിലാണ്. ജനക്കൂട്ടം സ്ഥിരമല്ല; സത്യമാണ് സ്ഥിരം.

അവസാനം യാത്ര എത്തിയത് ക്രൂശിക്കപ്പെടുന്ന മലമുകളിൽ. അവിടെ ലൈറ്റുകൾ ഇല്ലായിരുന്നു; ചിരികൾ ഇല്ലായിരുന്നു; പ്രകടനം ഇല്ലായിരുന്നു. അവിടെ ഒരു നിർവ്യാജ പോരാട്ടം മാത്രമേ ഉണ്ടായിരുന്നുള്ളൂ സ്നേഹം വിരുദ്ധമായി ക്രൂരത, ക്ഷമ വിരുദ്ധമായി പ്രതികാരം, സമർപ്പണം വിരുദ്ധമായി അധികാരം. കുരിശ് ഒരു സർക്കസ് വേദിയല്ല; അത് ആത്മാവിന്റെ പോരാട്ടഭൂമിയാണ്.

ചിലപ്പോഴെങ്കിലും റോമൻ സാമ്രാജ്യത്തിലെ രക്തസാക്ഷികളുടെ നിലവിളി കേട്ടിരുന്നു, ജനക്കൂട്ടം ആ കാഴ്ച ആസ്വദിച്ചു. മനുഷ്യവേദന വിനോദമായി മാറിയിരുന്ന കാലം. ഇന്ന് നമുക്ക് അത്തരം അരങ്ങുകൾ വേറൊരു രൂപത്തിൽ ഉണ്ടാകാം സോഷ്യൽ മീഡിയയുടെ വൃത്തങ്ങൾ, രാഷ്ട്രീയ വേദികൾ, മതപരമായ മത്സരങ്ങൾ. പക്ഷേ ക്രിസ്തുബോധം നമ്മെ ആ വൃത്തങ്ങളിൽ നിന്ന് പുറത്തേക്ക് വിളിക്കുന്നു.

"കാഴ്ചയാകരുത്; സാക്ഷിയാകുക" എന്നാണ് ആ വിളി. നോമ്പുകാലം ശരീരത്തെ ക്ഷീണിപ്പിക്കാനല്ല; അഹങ്കാരത്തെ ക്ഷയിപ്പിക്കാനാണ്. അത് പുറം പ്രകടനങ്ങളുടെ സർക്കസിൽ നിന്ന് ആത്മസത്യത്തിന്റെ പോരാട്ടത്തിലേക്ക് കടക്കാനുള്ള ക്ഷണം. നമുക്ക് നമ്മളെത്തന്നെ ചോദിക്കാം: എന്റെ വിശ്വാസം കൈയടികൾ തേടുന്നോ? അല്ലെങ്കിൽ മൗനത്തിൽ സത്യം അന്വേഷിക്കുന്നോ?

സർക്കസ് നമ്മെ ചില നിമിഷങ്ങൾ ആവേശഭരിതരാക്കും; പക്ഷേ പോരാട്ടം നമ്മെ മാറ്റും. സർക്കസ് ഒരു രാത്രിയ്ക്ക് മാത്രം; പോരാട്ടം ഒരു ജീവിതകാലം. നോമ്പുകാല ക്രിസ്തു ബോധം നമ്മെ പഠിപ്പിക്കുന്നത്, ദൈവരാജ്യം ഒരു വേദിയല്ലെന്ന്. അത് ഹൃദയത്തിന്റെ അഗാധത്തിലുണ്ടാകുന്ന ഒരു വിപ്ലവമാണ്. ലോകം നമ്മെ വൃത്തത്തിനുള്ളിലേക്ക് തള്ളുമ്പോൾ, ക്രിസ്തു നമ്മെ കേന്ദ്രത്തിലേക്ക് വിളിക്കുന്നു ആ കേന്ദ്രം സ്നേഹമാണ്. അവിടെ കൈയടി ഇല്ല; പക്ഷേ സമാധാനം ഉണ്ട്. അവിടെ പ്രകടനം ഇല്ല; പക്ഷേ പരിവർത്തനം ഉണ്ട്. അവിടെ സർക്കസ് അവസാനിക്കുന്നു; പോരാട്ടം വിജയിക്കുന്നു.

ഒരു പ്രാർത്ഥനയേയുള്ളു, നമ്മൾ കാരണം ഒരാൾക്കും ജീവിതം മടുക്കാതിരിക്കട്ടെ.

❑

# ഇടുക്കിയുടെ മണ്ണിൽ പൊന്ന് വിളയിച്ച് ബിൻസി ജെയിംസ്

## അനിതാ എസ്.

**ജൈവകൃഷിയിലെ പെൺക്കരുത്താണ് കുമളി സ്വദേശിനിയായ ബിൻസി ജെയിംസ്. നവമാധ്യമങ്ങളിൽ സജീവമായ ഈ വീട്ടമ്മ വിളകളുടെ വിപണനത്തിനും ഈ മാർഗം ഉപയോഗപ്പെടുത്തുകയാണ്. കാർഷികരംഗത്തെ മികവിന് നിരവധി പുരസ്കാരങ്ങളും ബിൻസിക്ക് ലഭിച്ചിട്ടുണ്ട്.**

ഹായ്, ബിൻസീസ് ഫാമിലേക്ക് എല്ലാവർക്കും സ്വാഗതം. സോഷ്യൽമീഡിയയിലെ ഫോ?ളോവേഴ്സിനെ സ്വാഗതം ചെയ്ത് ബിൻസി ജെയിംസ് എത്തുമ്പോൾ 'ഇന്ന് എന്താണ് പരിചയപ്പെടുത്താൻ പോകുന്നതെന്ന്' ആകാംക്ഷയായിരിക്കും എല്ലാവർക്കും. ചിലപ്പോൾ വിത്ത് വീണ് മുളച്ചുവന്ന ഒരു കാരറ്റ് ആയിരിക്കും, അല്ലെങ്കിൽ തക്കാളി, വാഴ, പച്ചമുളക്... പട്ടിക നീളും. മറ്റു ചിലപ്പോൾ സ്വന്തം കൃഷിത്തോട്ടത്തിൽ വിളഞ്ഞു നിൽക്കുന്ന കാബേജും കോളിഫ്ളവറും തക്കാളിയും പയറും പച്ചമുളകും വഴുതനയും. അല്ലെങ്കിൽ ഇതുവരെ കേട്ടും കണ്ടും പരിചയമില്ലാത്ത ഏതെങ്കിലും പച്ചക്കറിയോ ഇലവർഗമോ ആയിരിക്കും. ബിൻസീസ് ഫാമിന്റെ പ്രത്യേകതയും അതുതന്നെയാണ്. പലതരം പച്ചക്കറികൾ ഇവിടെ വിളഞ്ഞു നിൽപ്പുണ്ടാകും. കാർഷിക സംസ്കാരം വിളിച്ചോതുന്ന ഇടുക്കിയുടെ മണ്ണിൽ പൊന്നുവിളയിക്കുന്ന കർഷകയാണ് ബിൻസി ജെയിംസ്. കേരള സർക്കാറിന്റെ കർഷക തിലകം പുരസ്കാരം നേടിയ വീട്ടമ്മ.

### അടുക്കള കൃഷിയിൽനിന്ന്

മറ്റുള്ളവർക്ക് എന്നും പ്രചോദനം നൽകുന്ന ഒന്നാണ് കൃഷി. 18 വർഷത്തിലധികമായി ചെറിയ രീതിയിൽ അടുക്കള കൃഷി ചെയ്യുന്നുണ്ട്. വർഷങ്ങളായി ചെയ്യുന്ന ഈ കൃഷി വലിയ സംഭവമായൊന്നും അഞ്ചെട്ടു വർഷം മുമ്പ് തോന്നിയിരുന്നില്ല. കുമളിയിൽ ഒമ്പത് സെന്റ് പുരയിടത്തിലായിരുന്നു അന്ന് താമസം. ഏലത്തോട്ടത്തിൽ കൂലിപ്പണിയായിരുന്നു എനിക്കും ഭർത്താവ് ജെയിംസിനും. മക്കൾ ചെറിയ ക്ലാസുകളിൽ പഠിക്കുന്നു. പുറത്തുനിന്നുള്ളവർ വീട്ടിൽ വരുമ്പോൾ ഈ അടുക്കള കൃഷിയെക്കുറിച്ച് സംസാരിക്കും. അടുക്കളത്തോട്ടത്തിൽ കൃഷിചെയ്യാൻ സാധിക്കുന്ന മിക്ക പച്ചക്കറികളും അന്ന് നട്ട് പരിപാലിച്ചിരുന്നു. അവർ അത്ഭുതത്തോടെയാണ് ഇതിനെ കണ്ടിരുന്നത്. റോഡിനോട് ചേർന്നല്ലായിരുന്നു അന്ന് താമസം. അതിനാൽ വീട്ടിൽ വരുന്നവർ മാത്രമാണ് കൃഷി ശ്രദ്ധിച്ചിരുന്നത്. എല്ലാവരും കൃഷിയെക്കുറിച്ച് അറിയണം, കാണണം എന്നെല്ലാം ആഗ്രഹമുണ്ടായിരുന്നു.

### സോഷ്യൽമീഡിയയിലേക്ക്

ഇന്റർനെറ്റും ഫേസ്ബുക്കും വാട്സ്ആപ്പുമൊന്നും ഇല്ലാത്ത ഒരു സാദാ ഫോണാണ് അന്ന് ഉപയോഗിച്ചിരുന്നത്. ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം എന്നിവയെക്കുറിച്ച് കേട്ടറിവ് മാത്രവും. കൃഷിയുടെ ചിത്രങ്ങൾ കൂടുതൽ പേരിലേക്ക് എത്തിക്കാൻ സമൂഹമാധ്യമങ്ങളിൽ ഒരു അക്കൗണ്ട് തുറക്കാൻ തീരുമാനിച്ചു. അങ്ങനെ സമീപത്തെ ഒരു ഇന്റർനെറ്റ് കഫേയിൽ ചെന്ന് അവരുടെ സഹായത്തോടെ ഫേസ്ബുക്ക് ഐഡി തുടങ്ങി. അന്ന് സ്ത്രീകൾ അധികം സമൂഹമാധ്യമങ്ങൾ ഉപയോഗിച്ചു തുടങ്ങിയിരുന്നില്ല. എങ്കിലും കൃഷിയുടെ ഫോട്ടോകൾ ഇടയ്ക്ക് പങ്കുവെച്ചു. പിന്നീട് സുഹൃത്ത് നൽകിയ പഴയ സ്മാർട്ട് ഫോണിലൂടെ ആദ്യമായി ഫോണിൽനിന്ന് ഫേസ്ബുക്കും വാട്സ്ആപ്പും ഉപയോഗിച്ചു തുടങ്ങി.



**കേരള സർക്കാറിന്റെ കർഷക തിലകം പുരസ്കാരം നേടിയ വീട്ടമ്മ**

ബിൻസി ജെയിംസ് എന്ന പേരിൽതന്നെ പിന്നീട് ഐഡി തുടങ്ങി വിഡിയോകൾ പോസ്റ്റ് ചെയ്തു. കൃഷിയുടെ കൂടുതൽ ചിത്രങ്ങൾ പങ്കുവെച്ചതോടെ കൃഷിയെ സ്നേഹിക്കുന്ന ധാരാളം സുഹൃത്തുക്കളെ കിട്ടി. കാർഷിക ഗ്രൂപ്പുകളിൽ അംഗമായി. ഇതോടെ, പുതിയൊരു സ്മാർട്ട് ഫോൺ വാങ്ങി. സമൂഹമാധ്യമങ്ങളിൽനിന്ന് നല്ല പിന്തുണ കിട്ടിയതോടെ വിത്തുകൾക്ക് ആവശ്യക്കാർ വന്നു. ആദ്യം സൗജന്യമായാണ് വിത്തുകൾ നൽകിയത്. പിന്നീട് പലരും വില നൽകി വിത്തുകൾ വാങ്ങാൻ തുടങ്ങി. ഒരു പാക്കറ്റിന് 10 രൂപയാണ് വില. ഇതോടെ ഒരുപാട് ആവശ്യക്കാർ വന്നു. ഇതിൽനിന്നുതന്നെ ചെറിയൊരു വരുമാനവും ലഭിച്ചു.

### സ്വന്തം സ്ഥലത്ത് കൃഷിചെയ്യണം


വിത്ത് വിൽപനയിലൂടെ ചെറിയ വരുമാനം ലഭിച്ചു തുടങ്ങി. ഇതോടെ കൂലിപ്പണിക്ക് പോകാൻ സാധിക്കാതെയായി. ചേട്ടായിക്കും പണികൾ കുറഞ്ഞു. അപ്പോഴാണ് മുഴുവൻ സമയം കൃഷിയിലേക്ക് തിരിഞ്ഞാലെന്താണെന്ന ചിന്ത വന്നത്. മൂലധനമൊന്നും ഉണ്ടായിരുന്നില്ല. അതുകൊണ്ട് താമസിക്കുന്ന ഒമ്പതു സെന്റ് സ്ഥലവും വീടും പണയത്തിന് കൊടുത്തു.

കുമളിയിൽ ആദ്യമായി ഒരു സ്ഥലം പാട്ടത്തിനെടുത്തു. അടുക്കളകൃഷി ചെയ്തുള്ള പരിചയംവെച്ച് അവിടെ കൃഷി തുടങ്ങി. അവിടെതന്നെ താൽക്കാലിക ഷെഡ് കെട്ടിയായിരുന്നു താമസവും. പ്രളയസമയത്ത് ധാരാളം നഷ്ടം വന്നിരുന്നു. വിളകൾക്ക് വില ലഭിക്കാതെയായി. ജൈവകൃഷിയെ എല്ലാവരും പ്രോത്സാഹിപ്പിക്കുമെങ്കിലും വിപണിയിൽ വിലയില്ലായിരുന്നു.

എറണാകുളം കാക്കനാട് സ്കൂൾ ഗ്രൗണ്ടിൽ എല്ലാ ആഴ്ചയിലും നടക്കുന്ന നാട്ടുചന്ത നാട്ടുനന്മയിൽ പച്ചക്കറികൾ എത്തിക്കാൻ തുടങ്ങി. ഇതോടെ പച്ചക്കറികൾക്ക് ആവശ്യക്കാരേറി. അവിടത്തെ പരിചയക്കാർ വഴിയായിരുന്നു വിൽപന. പച്ചക്കറിക്ക് അവിടെ നല്ല മാർക്കറ്റ് ലഭിച്ചതോടെ കൂടുതൽ പേർ കൃഷി സ്ഥലം കാണാൻ വന്നു. വിദേശത്തുനിന്നടക്കം ധാരാളം പേർ ബിൻസീസ് ഫാമിലേക്ക് എത്താറുണ്ട്. ആ സമയത്തും സാമ്പത്തികമായി വലിയ മെച്ചം എന്നിട്ടും ഉണ്ടായിരുന്നില്ല. വലിയ പാട്ടത്തുക നൽകേണ്ടി വന്നു. മൂന്നര വർഷത്തോളം അവിടെ കൃഷി ചെയ്തു. അവർ സ്ഥലം വിറ്റപ്പോൾ മറ്റു സ്ഥലങ്ങൾ തേടി. ഇടുക്കിയെന്നാൽ ഏലത്തിന്റെ നാടാണല്ലോ, അതിനാൽ പച്ചക്കറി കൃഷിക്കായി പാട്ടത്തിന് സ്ഥലം കിട്ടാൻ വലിയ പ്രയാസമായിരുന്നു. ഒരുപാട് സ്ഥലങ്ങൾ അന്വേഷിച്ചെങ്കിലും വലിയ വില നൽകേണ്ടിവരും. പാട്ടത്തിനും കൃഷിക്കുമായി ഒരുപാട് തുക മുടക്കി. കൂടാതെ, മറ്റു പ്രശ്നങ്ങളും വന്നുതുടങ്ങി. അതോടെ, ഇനി കൃഷി ചെയ്യുന്നെങ്കിൽ സ്വന്തം സ്ഥലം മേടിച്ച് കൃഷി ചെയ്യണമെന്ന് ഞങ്ങൾ വിചാരിച്ചു. എങ്ങനെ ഒരു സ്ഥലം മേടിക്കുമെന്ന യാതൊരു ഐഡിയയും ഉണ്ടായിരുന്നില്ല. സാമ്പത്തികം തന്നെയായിരുന്നു പ്രധാന പ്രശ്നം. വിദേശത്തുള്ള ഒരുപാട് കാലമായുള്ള ഒരു സുഹൃത്തുമായി ഇക്കാര്യം സംസാരിച്ചു. അവർ ധൈര്യമായി സ്ഥലം വാങ്ങാനും പണത്തെക്കുറിച്ച് ആലോചിച്ച് പേടിക്കണ്ട എന്നും പറഞ്ഞു. അതോടെ ബാങ്കിൽ ജപ്തിയാകാൻ പോകുന്ന ഒരു വീടും രണ്ടരയേക്കർ സ്ഥലവും മേടിച്ചു. പ്രധാന ടൗണിൽനിന്നും കുറച്ച് അകലെ തോപ്രാംകുടി ഈട്ടിത്തോപ്പ് തേക്കുംകാനം എന്ന സ്ഥലത്താണിത്.

**ജൈവകൃഷിയാണ് പ്രധാനം**

വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യുമ്പോൾ ഹൈബ്രിഡ് ഇനങ്ങളാണ് ഉപയോഗിക്കുക. ഫാഷനുവേണ്ടിയോ കാണാൻ ഭംഗിക്കുവേണ്ടിയോ അല്ലല്ലോ കൃഷി ചെയ്യുന്നത്. എനിക്കും കുടുംബത്തിനും ഉപജീവനമാർഗമാണ് കൃഷി. നാടൻ വിറ്റഴിക്കാൻ പ്രയാസമായിരിക്കും. വിളവിലും വ്യത്യാസമുണ്ടാകും. ജൈവകൃഷിയാണ് ചെയ്യുന്നത്.





കാബേജ്, തക്കാളി, ബീൻസ്, കോളി ഫ്ലവർ, ബ്രോക്കോളി, ചൈനീസ് കാബേജ്, മല്ലി, കെയ്ൽ, സുക്കിനി, കുക്കുംബർ... തുടങ്ങിയവയാണ് ഇപ്പോൾ തോട്ടത്തിലുള്ളത്. തോട്ടം കാണാൻ വരുന്നവർക്ക് എല്ലാ പച്ചക്കറിയും വാങ്ങി പോകാൻ കഴിയണം എന്നതാണ് ആഗ്രഹം. സ്ട്രോബെറിയും മറ്റും സീസൺ അനുസരിച്ച് കൃഷി ചെയ്യും. ഇടുക്കിയിലെ കാലാവസ്ഥ ഒരുവിധം എല്ലാ പച്ചക്കറി കൃഷിക്കും അനുകൂലമാണ്. അതുകൊണ്ടുതന്നെ ജൈവകൃഷിയിലൂടെ തന്നെ നല്ല വിളവ് ലഭ്യമാകുകയും ചെയ്യും.

വെള്ളം അധികം പാഴാക്കാതെ ചെയ്യുന്ന മൾച്ചിങ് കൃഷിരീതിയാണ് ബിൻസീസ് ഫാമിൽ അധികവും. നിലമൊരുക്കി മൾച്ചിങ് ഷീറ്റ് വിരിച്ച് നിശ്ചിത അകലം ക്രമീകരിച്ച് വിത്തിടുകയാണ് ചെയ്യുക. ശേഷം ഓരോ ചെടിക്കും ആവശ്യത്തിന് വെള്ളമെത്തിക്കുന്ന തുള്ളിനന സൗകര്യവും ഒരുക്കും.

**കൃഷിയിലെ നേട്ടങ്ങൾ**

2019-ൽ ലഭിച്ച സംസ്ഥാന സർക്കാറിന്റെ കർഷക തിലകം അവാർഡ് ബിൻസിയെ തേടിയെത്തി. കൂടാതെ, വിദേശ രാജ്യങ്ങളിൽനിന്നടക്കം അമ്പതോളം അംഗീകാരങ്ങൾ ബിൻസി ഏറ്റുവാങ്ങി. സമൂഹമാധ്യമങ്ങളിലെ കുഞ്ഞുകഥകളിലൂടെ പ്രായഭേദമെന്യേ എല്ലാവരുടെയും ഇഷ്ടം നേടിയവരാണ് ബിൻസിയും കുടുംബവും. ലക്ഷകണക്കിന് ഫോളോവേഴ്സുള്ള ബിൻസീസ് ഫാം പേജ്



## SDOF കേന്ദ്ര കമ്മിറ്റിയിലേക്കു ബിൻസി ജെയിംസ്



**ബിൻസി ജെയിംസിനെ 2026 ഫെബ്രുവരി 28-നു പഴയ സെമിനാരിയിൽ വച്ച് നടന്ന സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ് (SDOF) കേന്ദ്ര അസംബ്ലി കേന്ദ്ര കമ്മിറ്റിയിലേക്കു തിരഞ്ഞെടുത്തു.**



കൃഷിയെ ഇഷ്ടപ്പെടുന്നവർക്ക് അറിവുകൾ കൂടി പകർന്നുനൽകുന്നതാണ്. കൃഷി അറിവുകൾ പങ്കുവെക്കുന്നതിനായി കോളജുകളിൽ ഉൾപ്പെടെ ക്ലാസെടുക്കാനും പോകാറുണ്ട് ബിൻസി. മാത്രമല്ല, വിത്ത് വിൽപനയും മറ്റു കാർഷിക ഉൽപന്നങ്ങളുടെയും ഉപോൽപന്നങ്ങളുടെയും വിൽപനയിലൂടെ മികച്ച സംരംഭക കൂടിയാണ്. ജെയിംസ് ഫ്രാൻസിസാണ് ഭർത്താവ്. ബിൻസിക്കൊപ്പം ഫാമിലെ കൃഷി ജോലികളെല്ലാം നോക്കി നടത്തുന്നത് ജെയിംസാണ്. മൂന്ന് മക്കളും ഫാമിന് പ്രോത്സാഹനമായി രംഗത്തുണ്ട്. മകൾ ജിനുമോൾ ബി.എസ്.സി നഴ്സിങ്ങിന് ശേഷം ജോലി ചെയ്യുകയാണ്. ജഫിൻ ഓട്ടോമൊബൈൽ കഴിഞ്ഞു. ഇപ്പോൾ കാർഷിക ഫാമുകൾ സെറ്റ് ചെയ്ത് നൽകി വരുന്നു. ഇളയമകൻ ജറിൻ ഓട്ടോമൊബൈൽ വിദ്യാർഥിയാണ്.

**വിദേശികൾക്ക് പ്രിയം കെയ്ൽ ചീര**

വിദേശികൾ അവരുടെ ഭക്ഷണങ്ങളിൽ സുലഭമായി ഉപയോഗിക്കുന്ന ഒരു ഇലവർഗമാണ് കെയ്ൽ ചീര. ബിൻസീസ് ഫാമിലെത്തിയ വിദേശികളാണ് കെയ്ൽ ചീരയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ബിൻസിക്ക് പകർന്നു നൽകിയത്. ഭക്ഷണത്തിൽ ഉൾപ്പെടുത്താറുണ്ടെങ്കിലും കെയ്ൽ ചീര കൃഷിയോ അതിന്റെ ചെടിയോ വിദേശികൾക്ക് അത്ര പരിചയമില്ല. അതുകൊണ്ടുതന്നെ ഫാമിലെത്തുന്ന വിദേശികളെ ഏറ്റവും കൂടുതൽ ആകർഷിക്കുന്ന വിളയാണ് കെയ്ൽ.

Facebook page: https://www.facebook.com/bincy.james.1048






**_ഇടയനോടൊപ്പം ഒരു ദിനം_: തോട്ടയ്ക്കാട് മാർ അപ്രേം യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 8 ഞായറാഴ്ച്ച വി. കുർബാനയെ തുടർന്ന് ഇടവകയുടെ സഹവികാരി ഫാ. മാത്യു കുരുവിളയോടൊപ്പം യുവജന പ്രസ്ഥാനാംഗങ്ങൾ കുറിയാക്കോസ് മാർ ക്ലീമ്മിസ് വലിയ മെത്രാപ്പോലീത്തായെ സമഷ്ടി ഓർത്തഡോക്സ് റിട്രീറ്റ് സെന്ററിൽ സന്ദർശിച്ചു മെത്രാപ്പോലീത്തായ്ക്കൊപ്പം കുറച്ചു സമയം ചിലവഴിക്കുകയും, മാർ അപ്രേം യുവജനപ്രസ്ഥാനത്തിന്റെ ആദരവുകൾ സമർപ്പിക്കുകയും ചെയ്തു.**



**ദിവ്യസ്പർശം സൗഖ്യദാന ശുശ്രൂഷ: ചെങ്ങന്നൂർ ഭദ്രസനത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും വലിയ നോമ്പിന്റെ ഭാഗമായി നടത്തപ്പെടുന്ന 'ദിവ്യസ്പർശം' തൈലാഭിഷേക സൗഖ്യ ദാന ശുശൂഷ ഇടവങ്കാട് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് മാർച്ച് 11-നു ഭദ്രാസന മെത്രാപ്പോലീത്ത ഡോ മാത്യൂസ് മാർ തീമോത്തിയോസിന്റെ മുഖ്യകാർമികത്വത്തിൽ നടന്നു.**



ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമികത്വത്തിൽ രാജസ്ഥാനിലെ അബു റോഡിലുള്ള ജ്യോതിസ് ആശ്രമത്തിൽ പാതിനോമ്പ് ശുശ്രൂഷ ഭക്തിപൂർവ്വം ആചരിച്ചു. ഇടവക വികാരി ഫിലിപ്പോസ് റമ്പാൻ സഹകാർമികത്വം വഹിച്ചു.




മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ചർച്ച് അക്കൗണ്ട്സ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഇന്ത്യയിലുള്ള ഭദ്രാസനങ്ങളുടെ സെക്രട്ടറിമാരുടെയും, ഭദ്രാസനത്തിന്റെ കണക്കുകൾ കൺസോളിഡേറ്റ് ചെയ്യുന്ന ഓഡിറ്റർമാരുടെയും മീറ്റിംഗ് ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ചേർന്നു. ചർച്ച് അക്കൗണ്ട്സ് കമ്മിറ്റി പ്രസിഡന്റ് ഡോ. ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. അൽമായ ട്രസ്റ്റിയും കമ്മിറ്റി കൺവീനറുമായ റോണി വർഗീസ് ഏബ്രഹാം സ്വാഗതം ആശംസിച്ചു. സഭയുടെ ഓഡിറ്റർമാരായ സി. എ. സാജു സി. കുരുവിള, സി. എ. വർഗീസ് പോൾ എന്നിവർ ക്ലാസുകൾ നയിച്ചു. വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, ഇന്റേർണൽ ഓഡിറ്റർ സി.എ ജേക്കബ് മാത്യു, ഡെപ്യൂട്ടി സെക്രട്ടറി പി. യു. കുര്യൻ, അക്കൗണ്ട്സ് ഓഫീസർ മൻവി മത്തായി എന്നിവർ പങ്കെടുത്തു.



## വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടമായ രജീവ് നടുവീടിന്റെ ഭവനം സന്ദർശിച്ച് ഡോ. ഗീവർഗീസ് മാർ ബർന്നബാസ്

സുൽത്താൻ ബത്തേരി: വടക്കനാട് വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ട യുവകർഷകൻ രജീവ് നടുവീടിന്റെ വസതി സുൽത്താൻ ബത്തേരി ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ ബർന്നബാസ് സന്ദർശിച്ചു. വടക്കനാട്ടെ ഭവനത്തിലെത്തിയ മെത്രാപ്പോലീത്താ, മകനെ നഷ്ടപ്പെട്ട അമ്മയെയും സഹോദരങ്ങളെയും നേരിൽ കണ്ട് ആശ്വസിപ്പിച്ചു.

ഭദ്രാസന സെക്രട്ടറി റവ. ഫാ. ബേബി ജോൺ, ഫാ. അനീഷ് ജോർജ്, ഫാ. നിബിൻ ജേക്കബ്, ജോർജ് കട്ടച്ചിറ, കുര്യൻ മണ്ണേത്ത് എന്നിവർ മെത്രാപ്പോലീത്തായെ അനുഗമിച്ചു.






റബ്ബറിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനൊപ്പം വ്യവസായ ആവശ്യങ്ങൾക്കായി റബ്ബറിനെ പാകപ്പെടുത്തിയെടുക്കാൻ (curing) എടുക്കുന്ന സമയം ഗണ്യമായി കുറയ്ക്കുന്ന പുതിയ കണ്ടുപിടുത്തത്തിന് പേറ്റന്റ് ലഭിച്ച തുമ്പമൺ ഭദ്രാസനത്തിലെ പുത്തൻപീടിക തെക്ക് സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളി ഇടവകാംഗം തൈകൂട്ടത്തിൽ ഡോ. ജിജി ജോർജിനെ മലങ്കരസഭയ്ക്കു വേണ്ടി അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ ഭവനത്തിൽ എത്തി ആദരവ് അർപ്പിച്ചു.

